With the bishop's recommendation letter the two priests Palackal and Porukara and their supporters started on journeys to the Syrian parishes appealing for contributions, and the result was very positive and encouraging. Everywhere they received hearty welcome and generous help from the clergy and laity alike.[52]

When eventually the construction of the monastery on Mannanam hill-top was completed, it was truly the people's achievement. While launching the project the only resource the founders had with them was unwavering trust in God's providence and people's generosity. They had no money in reserve or any land of their own. Nor did any money come from abroad. The entire expense was met by the generous contribution of the local people! They were happy to cooperate in all possible ways because they were convinced of the worth of having a monastery among them, and that the founders were really poor but utterly sincere and well-intentioned. Their poverty and moral integrity won the people's hearts.

Here is a question that we should ask ourselves and sincerely answer: "Do we have the guts to approach the people for our needs?" Possibly not! For we are afraid that the people will retort: "You the CMI should help us rather than we help you, for obviously you are much richer than we!" Compared to the state of affairs in earlier times, now things have turned upside down: We who have formally

52 CWC I: 2-3; CSK I: 3-4.

professed the vow of poverty are among the richest in the locality, living in luxury and enjoying all sorts of comforts and facilities! People might even doubt our moral integrity and intentions in the undertakings labelled as different apostolates!

**7.** Another vexing question is about common life. In one of the recent general chapters the provincials as usual presented their reports listing the commendable achievements and developments in the respective provinces during their three year tenure of office. But almost all of them concluded the reports with a note of reservation that in recent times among the members there is a decline of community spirit, and that the community aspect of religious life is being replaced by an increasing phenomenon of individualism in which priority is given to personal projects and gains. We should urgently adopt corrective measures to arrest such an alarming trend. Otherwise, the foundation of the congregation is in danger. It is high time that we paid heed to the cry of St Chavara: "These monasteries have been established by God that they shall be mirrors of virtues (*puGGyattinme kaGGmi*) and spiritual resorts (*puGGya-saCketam)*. But they have now turned out to be communities of executives and holes of selfishness!"[53]

**8.** The last but not the least question to consider is concerning prayer and prayerfulness. Our early members, as we have seen, had a daily schedule of long hours of prayer in community. Compared to that, our present daily practice of ust one hour of community prayer is obviously an unjustifiable compromise. Regarding personal prayer we cannot, ofcourse, judge one another. However, there is not much visibility of

53 CWC IV (1990): 61-62: CSK IV (1986): 90.

our being deeply prayerful persons, whereas in the case of our founding fathers their contemporaries unanimously testify that they were persons of prayer and God experience.

Now-a-days are we not turning a deaf ear to St Chavara's words of wisdom: "The strength of the monasteries does not consist in the thickness of their walls but in the religious zeal and virtues of the members."[54] We have long forgotten the ideals of religious life *implied* in the founders' terminology such as: *vana-vsa, dar[ana-v+mu, tapasu-bhavanam, otunki-prkal, miGma-amakkam, and bes-rauma.* It seems we are under the illusion that our strength consists in bigger structures, latest fashions and furnishings, bigger and regular sources of income, larger institutions with competitive spirit, etc., so that we fail in strengthening our interior life and prayerfulness! Still more, in our preoccupation with secular gains and distracting programmes we get our priorities wrong, putting first things last and vice versa. As a result we have miserably lost the balance between prayer and work! We seem to forget the ideals of consecrated life and crazily run after things we have once solemnly given up. Chavara continues: "Finally, beloved brethren and dear children, none of us has entered the monastery because of hunger or desperate living conditions in the world. Had we remained in the world, we all had the chance of enjoying a comfortable life. But we have left our possessions and parents, [retaining God alone as our portion]. Then, if, through our negligence and indolence, we forsake Him, what a great mistake it would be, and what madness!"

**(Article prepared for CMI Renewal)**

54 CWC IV (1990): 61-62: CSK IV (1986): 90.

# യോനായുടെ അടയാളം

*ഫാ. ജോൺ വിയാനി*

സ്വന്തം ആധികാരികത തെളിയിക്കാൻ പോരുന്ന ഒരടയാളം തങ്ങൾക്കു നല്കണം എന്ന് വിമർശകരായ ശ്രോതാക്കൾ ഒരിക്കൽ ഈശോയോടാവശ്യപ്പെട്ടു. വെള്ളെഴുത്തിന്റെ കാഠിന്യം കൊണ്ടു ആനയെപ്പോലും കാണാൻ ക്ലേശം പ്രകടിപ്പിക്കുന്നവരായിരുന്നൂ അവർ.പ്രതികരണമായി അവിടുന്നു പറഞ്ഞു, 'നെറിവെന്തെന്നറിയാത്ത പരിഷയാണിതു; യോനാപ്രവാചകന്റെ അടയാളമേ ഇവർക്കു പ്രയോജനപ്പെടുകയുള്ളു'. (മത്തായി 12:38 -42 )

എന്തായിരുന്നുകർത്താവിന്റെ വാക്കുകളിലടങ്ങിയിരുന്ന യോനായുടെ അടയാളം? യോനാ മൂന്നുദിവസം മത്സ്യത്തിന്റെ വയറ്റിലായിരുന്നതുപ്പോലെ, മനുഷ്യപുത്രൻ മൂന്നൂദിവസം കല്ലറയക്കുള്ളിലായിരിക്കും എന്നു മത്തായിസുവിശേഷകൻ കൂട്ടിചേർക്കുന്നുണ്ട്. മൂന്നുദിവസം തിമിംഗലത്തിന്റെയുള്ളിൽ കഴിയുകയും മരണം രുചിച്ചറിഞ്ഞു പുറത്തുവരുകയും ചെയ്ത യോനാ പ്രസംഗവേദിയിൽ വന്നപ്പോൾ, സ്വന്തം അനുഭവമത്രയും നിനിവേ നിവാസികളോട് ഹൃദയമുരുകുന്നഭാഷയിൽ വിവരിച്ചു പറഞ്ഞിരിക്കണം. യോനായുടെ കഥകേട്ടു മാനസാന്തരപ്പെട്ട നിനിവേക്കാരെപ്പോലെ, മരിച്ചു മൂന്നുദിവസം കല്ലറയിൽ കഴിച്ചു പുറത്തുവന്ന ഈശോയുടെ ഉയർപ്പിന്റെ കഥ കേൾക്കുമ്പോൾ ഈശോയുടെ വിമർശകർക്ക് അതൊരടയാളമൊ, തെളിവോ ആയിരിക്കും എന്നു ഈശോയുടെ വാക്കുകൾക്കു പൊരുൾതിരിക്കാറുണ്ട്. പക്ഷെ യഥാർത്ഥത്തിൽ നടന്നത് അതായിരുന്നോ?

കർത്താവുയർത്തപ്പോൾ പ്രമാണികളും പ്രധാനപുരോഹിതന്മാരും കൂടിയോലോചിച്ച്, കല്ലറയുടെ കാവൽക്കാർ ഒന്നു മയങ്ങിയ തക്കം നോക്കി ശിഷ്യന്മാർ അവിടുത്തെ ശരീരം മോഷ്ടിച്ചുകൊണ്ടുപോയി എന്നുകഥയുണ്ടാക്കുകയായിരുന്നല്ലോ അവരുടെ പ്രതികരണം. അവരുടെ പ്രതികരണങ്ങളുടെ നാൾവഴി

പിൻതുടർന്നാൽ യോനാ സകലർക്കും, പ്രത്യേകിച്ച് യഹൂദജന ത്തിനു ഒരടയാളമാകുന്ന മറ്റൊരു കാൽവെപ്പു കാണാൻ നമുക്ക് കഴിയും.

യോനായെ ദൈവം തിമിംഗലത്തിന്റെ വയറ്റിൽ മൂന്നു ദിവസം അടച്ചിട്ടു. ആ പാറാവിൽ നിന്നു പുറത്തുവന്ന യോനായുടെ പ്രസംഗം രോമാഞ്ചത്തോടെ കേട്ടുനിന്ന നിനിവേ നിവാസികൾ പശ്ചാത്തപിച്ചു. (യോനാ 3:5-6) മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിച്ചു. (ലൂക്കാ 3:8) അതോക്കെ സംഭവിക്കുമ്പോൾ പ്രാസം ഗികനായ യോനായുടെ നിലയെന്തായിരുന്നു? പാവം മനുഷ്യൻ! അദ്ദേഹം ദൈവത്തോടു കെറുവിച്ചിരിക്കുകയായിരുന്നു. ദൈവം നിനി വേക്കാരെ ശിക്ഷിക്കാത്തതിന്റെ പേരിൽ അദ്ദേഹം ക്ഷുഭിതനായി. ആ ക്ഷോഭത്തെ അദ്ദേഹം ന്യായികരിച്ചു (യോന 4:9).

യോനായുടെ പരിഭവത്തിനും അതുമൂലമുണ്ടായ പെരുമാറ്റ വൈകൃതങ്ങൾക്കും അദ്ദേഹം കണ്ട ന്യായീകരണമെന്തായിരുന്നു? തന്നെ പ്രവാചകനായിട്ടു ദൈവം നിയോഗിച്ചതു, തന്നിൽ ദൈവം കണ്ടെത്തിയ ഏതോ നന്മയക്ക്ു അവിടുന്നു നല്കുന്ന അംഗീകാ രമാണെന്നു അദ്ദേഹത്തിനു വിചാരമുണ്ടായിരുന്നു. ആ വിചാരം വളർന്നുകൊണ്ടിരുന്നു. തന്നിൽ ദൈവം കണ്ടെത്തിയെന്നു യോന ധരിച്ചിരുന്ന ആ നന്മയുടെ പേരിൽ, തന്നെ ഉപകരണമാക്കിയ ദൈവ ത്തിന്റെ മുമ്പിൽ, തനിക്കു എന്തൊക്കെയോ ചെറുതെങ്കിലുമായ അവകാശങ്ങളുണ്ടെന്ന് അദ്ദേഹത്തിൽ ബോദ്ധ്യം വളരുകയായിരു ന്നു. സങ്കല്പിതമായ പ്രസ്തുത അവകാശത്തിന്റെ പേരിൽ, നാലാ ളുകളറിയാൻ വേണ്ടി നിനിവേക്കാർക്കു ഒരു ശിക്ഷ നല്കണമെന്ന് യോനാ ദൈവത്തോടു റെക്കമെന്റു ചെയ്തു. ആ റെക്കമെന്റേഷൻ ദൈവം സ്വീകരിച്ചില്ല. തന്റെ ശുപാർശ ദൈവം സ്വീകരിക്കാതെവ ന്നപ്പോൾ, അതു ദൈവത്തിന്റെ ഭാഗത്തുനിന്നുണ്ടായ നീതിയുടെ നിരാസമായിട്ടാണു യോനാ കണ്ടത്. അത്യുന്നതന്റെ മനോ ഭാവത്തിൽ മാറ്റം വന്നിരിക്കുന്നു എന്നു പരിഭവം പറയുന്ന പാര മ്പര്യം (സങ്കീ. 90) ഇസ്രായേൽക്കാർക്കു പണ്ടേ ഉണ്ടായിരുന്ന താണല്ലോ.

നിങ്ങളുടെ ബുദ്ധിസാമർത്ഥ്യമോ സതീർത്ഥ്യരുടെയിടയിൽ പ്രകടമാക്കിയ തലയെടുപ്പോ ഒന്നും കണക്കിലെടുത്തിട്ടല്ല, ദൈവം

നിങ്ങളെ ഇന്നു നിങ്ങളായിരിക്കുന്ന ഉയരങ്ങളിലെത്തിച്ചത്. ദൈവ ത്തിന്റെ മുമ്പിൽ ആരും അഹംഭാവിക്കാതിരിക്കേണ്ടതിനും അഭിമാ നിക്കുന്നവർ കർത്താവിലഭിമാനിക്കാനിടയാകേണ്ടതിനും വേണ്ടി, വ്യക്തിഗതമായ നേട്ടങ്ങൾ ഒന്നും അവകാശപ്പെടാനില്ലാതിരുന്ന നിങ്ങളെ ദൈവം തിരഞ്ഞെടുത്തുയർത്തകയാണു ചെയ്തത് എന്നു വി. പൗലോസ് ശ്ലീഹാ എഴുതുന്നുണ്ടല്ലോ (1 കൊറ. 1:29-31).

ദൈവം യോനായെ പ്രവാചകനായി അയച്ചെങ്കിൽ, അതു ദൈവത്തിന്റെ കാരുണ്യം ഒന്നുകൊണ്ടുമാത്രമായിരുന്നു. ആ പര മാർത്ഥം ഒന്നുകിൽ അദ്ദേഹം ഗ്രഹിച്ചില്ല. അല്ലെങ്കിൽ അതംഗീക രിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അതുകൊണ്ട് തുടക്കം മുതലേ യോനായ്ക്കു പിഴവുപറ്റുകയായിരുന്നില്ലേ? പടിപടിയായി അദ്ദേഹം കാലിടറുകയായിരുന്നില്ലേ? ഏറ്റവുമൊടുവിൽ, പാറപ്പുറത്ത് അത്ഭു തകരമായി മുളച്ചുപടർന്ന കാട്ടുവള്ളി പഴുത്തുണങ്ങിയപ്പോൾ വീണ്ടും യോനാ കോപിച്ചു (യോനാ. 4:11).

യോനായ്ക്കുപറ്റിയ അബദ്ധം ആവർത്തിക്കുകയായി രുന്നില്ലെ കർത്താവിന്റെ കാലത്തു യഹൂദജനം ചെയ്തത്? യഹൂ ദജനം വഴിയാണു മാനവരക്ഷ സംഭവിച്ചത് (റോമ 1:16;9:5). പക്ഷെ ദൈവം തന്റെ പരിപാലനാവിശേഷം നിമിത്തം അങ്ങനെ അവരെ തിരഞ്ഞെടുത്തു, ഉപകരണമാക്കി എന്നതായിരുന്നല്ലോ പരമാർത്ഥം. ദൈവത്തിന്റെ കരുണാപൂർണ്ണമായ തിരഞ്ഞെടുപ്പിനെ വിനീതമായി സ്വീകരിച്ച് എന്നും ദൈവത്തോടു നന്ദിപൂർവ്വം വർത്തിക്കുക എന്ന തായിരുന്നു അവർ ചെയ്യേണ്ടിയിരുന്നത്. പക്ഷെ, തങ്ങൾ തിരഞ്ഞെടുക്കപ്പെട്ടവരാണെന്നു ആത്മപ്രശംസ ചെയ്യുകയും മറ്റു സകലരെയും വിജാതിയരെന്നു പുച്ഛിക്കുകയുമായിരുന്നല്ലോ അവർ ചെയ്തത്. കർത്താവിനോടുപ്പോലും യുക്തിവാദം നടത്തിയ യഹൂ ദജനം യോനാപ്രവാചകനെപ്പോലെ അബദ്ധചിന്തയും അതിന്റെ പ്രതിഫലനമായ അവകാശബോധവും പുലർത്തുകയായിരുന്നു.

ദൈവം വിശേഷവിധിയായി തിരഞ്ഞെടുത്തു നിയോഗിച്ച അനുഗ്രഹീതപാത്രമായ അബ്രാഹത്തിന്റെ സന്താനങ്ങളാണു ഞങ്ങൾ, അക്കാര്യം ശ്രദ്ധിക്കാത്തതുകൊണ്ട് സംസാരത്തിൽ വന്നു പോയ പരാജയമായിരിക്കാം, ദാസ്യത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെ ക്കുറിച്ചുമൊക്കെ നീ ഞങ്ങളുടെ സദസിൽ സംസാരിച്ചത്, അല്ലേ

(യോഹ 8:33) എന്നു അവർ മടികൂടാതെ ഈശോയോടു പറഞ്ഞിരുന്നല്ലോ. അങ്ങനെ, യോനായെപ്പോലെ കാലിടറുകയായിരുന്നു തന്റെ ശ്രോതാക്കളായ പ്രമാണിമാർ എന്നു യുക്തിസഹമായി എടുത്തുകാണിക്കുകയായിരുന്നില്ലേ കർത്താവു ചെയ്തതു?

ആധുനിക യുഗത്തിന്റെ മുഖമുദ്ര എന്നു വേണമെങ്കിൽ വിശേഷിപ്പിക്കാവുന്ന കാര്യമാണു ആതമവിശ്വാസം. ഏല്പിക്കപ്പെടുന്ന, അല്ലെങ്കിൽ സമൂഹം ആവശ്യപ്പെടുന്ന, കാര്യം സമൂഹത്തിന്റെ വികാസത്തിനു പോംവഴിയാകത്തക്കവിധം നിറവേറ്റാൻ തന്നെക്കൊണ്ടുകഴിയും എന്നു സ്വയം ബോദ്ധ്യമുണ്ടാകുന്നതാണല്ലോ, ആത്മവിശ്വാസം. അതു നല്ലതും ആവശ്യവുമാണ്. ഏതുവസ്തുവിനും അതിന്റെ നിഴലുണ്ട്. നിഴലെപ്പോഴും കറുത്തതാണ്. കവിപാടിയതുപോലെ സദാകൂടെ നടക്കുകയും എന്നെ കരികൊണ്ടു മണ്ണിൽ വരയ്ക്കുകയും ചെയ്യുന്ന ഇരുട്ടിന്റെ പ്രേതങ്ങളാണ്ു നിഴലുകൾ. ആത്മവിശ്വാസത്തിനുമുണ്ടു ഒരു നിഴൽ. എന്താണാ നിഴലെന്നോ? ജോലി കൃത്യമായി നിർവഹിക്കാൻ എനിക്കു കഴിയുമെന്നു സമൂഹം നല്കുന്ന അംഗീകാരമാണു എനിക്കേല്പിക്കപ്പെടുന്ന ജോലി എന്നുള്ള ശാഖാവിചാരമാണു ആ നിഴൽ. ആത്മബോധം എന്നതിനുപേരു വിളിക്കാം. ശാഖാവിചാരമായ ആ നിഴലും യഥാർത്ഥ്യമാണ്. പക്ഷെ, ഏതുനിഴലിനേയുംപ്പോലെ ഈ നിഴലും കറുത്തതാണ്ു. എന്റെ നിഴൽ എന്നെ കരികൊണ്ടു മണ്ണിൽ വരയ്ക്കുന്നതുപ്പോലെ, ഈ ശാഖാവിചാരം എന്റെ ആത്മവിശ്വാസത്തെയും കരികൊണ്ടു വികൃതമായി വരയ്ക്കും.

ആത്മവിശ്വാസം എന്നെ നയിക്കുമ്പോൾ, ഓരോന്നും സഹപ്രവർത്തകർക്കു ശാന്തമായി വിശദീകരിച്ചുകൊടുത്തും നയജ്ഞതയോടെ അവരിൽ ബോദ്ധ്യം വളർത്തിയും കാര്യം നടത്തുന്നതിന് അവർക്കു ഞാൻ പ്രചോദനമായിരിക്കും; പ്രോത്സാഹനമായിരിക്കും ( cfr. Peter 5:1-4). ഇതുപറയുമ്പോൾ പോയകാലത്തെ നമ്മുടെ സഭാംഗങ്ങൾ ജറമിയാസച്ചനും, അമാത്തൂസച്ചനും ഇന്നു കർമ്മരംഗത്തുള്ള കരിയിൽപിതാവും ഒരുതായപ്പിള്ളിയച്ചനും ഓർമ്മയിൽ വരും. ആത്മവിശ്വാസത്തിന്റെ നിഴൽ എനിക്കുവഴികാട്ടിയാകുമ്പോഴോ? സമൂഹം ആവശ്യപ്പെടുന്ന കാര്യം സാധിച്ചാൽമാത്രംപോരാ എന്നിലുണ്ടെന്നു സമൂഹം കരുതുന്നതായി

ഞാൻ വിശ്വസിക്കുന്ന എന്റെ പ്രാപ്തിക്കു തെളിവും കൂടെ എനിക്കുകിട്ടണം. ഞാൻ വഴി സമൂഹത്തിനു വരുന്ന നന്മയോടൊപ്പമോ അതിലുപരിയോ ആയി എന്റെ പ്രാപ്തിക്കുള്ള തെളിവായിരിക്കും എന്റെ മുഖ്യപരിഗണന. സമൂഹത്തിനു നന്മയുണ്ടായതുകൊണ്ടു മാത്രം സന്തോഷിക്കുക എന്നതാണു ആത്മവിശ്വാസത്തിന്റെ സ്വഭാവം. ആത്മബോധം എന്നെ നയിക്കുമ്പോഴാകട്ടെ, സമൂഹത്തിനു ഞാൻ എന്ന ഉപകരണം വഴിയുണ്ടാകുന്ന നേട്ടത്തിൽ സന്തോഷിക്കാൻ എനിക്കു കഴിയാതെപോകുന്നു.

അതായിരുന്നല്ലോ, യോനാക്കു പിണഞ്ഞ അബദ്ധം. സ്വഭാവത്താലേ ക്രൂരന്മാരായ നിനിവേക്കാരെ യോനാ ഭയപ്പെട്ടു. അതുകൊണ്ടു തന്നെ ദൈവത്തിന്റെ നിർദ്ദേശത്തിൽ നിന്നും ഒളിച്ചോടാൻ അദ്ദേഹം ശ്രമിച്ചു. ദൈവമോ എന്നാൽ സ്നേഹപൂർവ്വം അത്ഭുതം പ്രവർത്തിച്ചു അദ്ദേഹത്തെ നിനിവേയിൽ കൊണ്ടുചെന്നാക്കി. ഊരുപേടിയുണ്ടായിരുന്നെങ്കിലും, മൂന്നുദിവസം കൊണ്ടദ്ദേഹം നഗരത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ നടന്നു പ്രസംഗിച്ചു. അതും ദൈവസഹായത്താൽ വൻവിജയമായി. ഞാൻ വഴിയോ മറ്റു വല്ലവരും മുഖേനയോ യേശുക്രിസ്തു പ്രസംഗിക്കപ്പെട്ടാൽ അതിലാണെനിക്കുസന്തോഷം (1 കൊറ. 15:8-11) എന്നുപറഞ്ഞ വി. പൗലോസിനേപ്പോലെ ചിന്തിക്കാനും സന്തോഷിക്കാനും യോനാക്കു സാധിച്ചില്ല. അതായിരുന്നല്ലോ യഹൂദജനത്തിന്റയും അവസ്ഥ.

അക്ഷരം കൂട്ടിവായിക്കാനറിയാത്ത ആശാരിയുടെയും സാദാ മറിയത്തിന്റെയും മകനെന്നു ഈശോയെ വിശേഷിപ്പിച്ച (മത്താ 13:55) ജനമായിരുന്നല്ലോ അവിടുത്തോടു അടയാളം ആവശ്യപ്പെട്ടത്. ആ ജനത്തിന്, ആത്മവിശ്വാസത്തെ പിൻതുടരാതെ, അതിന്റെ നിഴലായ ആത്മബോധത്തെ പിന്തുടർന്ന് യോനായെ അടയാളമാക്കി നല്കി എന്നതായിരുന്നല്ലോ യുക്തി.

നമ്മുടെ സന്യാസ സമർപ്പിതജീവിതത്തിലും യോനായുടെ അടയാളം നമുക്കൊരു വഴിവിളക്കാണ്.

# 'നവ'സന്യാസത്തിന്റെ സവിശേഷതകൾ (ഒരു നിരീക്ഷണം)

ഫാ. ജോസഫ് കാഞ്ഞിരമറ്റം

ഇവിടെ പറഞ്ഞിരിക്കുന്ന നിരീക്ഷണങ്ങൾ ഇത് എഴുതുന്ന ആളിന്റെ പരിമിതമായ അറിവിന്റെ പരിധിക്കുള്ളിൽ നിൽക്കുന്നതാണെന്ന് ആദ്യമേ സൂചിപ്പിച്ചുകൊള്ളട്ടെ. കുറെ വർഷങ്ങളായി നമ്മുടെ സഭാംഗങ്ങളുടെ ഇടയിൽ അറിഞ്ഞോ അറിയാതെയൊ സാവധാനം വളർന്നുകൊണ്ടിരിക്കുന്നു എന്നു തോന്നുന്ന ചില മനോഭാവങ്ങളാണ് അഥവാ കാഴ്പ്പാടുകളാണ് ചുവടെ ചേർക്കുന്നത്. അതിൽ ശരിയും തെറ്റും ഉണ്ടാകാം.

കുറെ വർഷങ്ങൾ കഴിയുമ്പോൾ നമ്മുടെ സഭയിൽ ഒരു 'നവസന്യാസം' രൂപം കൊള്ളാനുള്ളസാദ്ധ്യതയുണ്ട്. അത് വളരെ എളുപ്പമുള്ള സന്യാസമായിരിക്കാം. സന്യാസത്തിന്റെ അടിസ്ഥാന മൂല്യങ്ങൾക്ക് കാര്യമായ പ്രസക്തി ഇല്ലാത്ത ഒരു സന്യാസം. മുമ്പ് സന്യാസം പരിത്യാഗത്തിന്റെ ഒരു ജീവിതമായിരുന്നെങ്കിൽ കാലക്രമത്തിൽ അത് പരിത്യാഗത്തിന്റെ പരിത്യാഗം സ്വഭാവമാകുന്ന ഒരു സന്യാസം ആയിരിക്കും. മുതിർന്ന തലമുറ നല്കുന്ന മാതൃകകളും കാഴ്ച്ചപ്പാടുകളുമാണല്ലോ ഈ തലമുറ അനുകരിക്കാൻ ശ്രമിക്കുക. ഭാരംകുറഞ്ഞ, എളുപ്പമുള്ള സന്യാസമാണല്ലോ (Religious life made easy) കൂടുതൽ ഇഷ്ടപ്പെടുന്നത്. കുറെ വർഷങ്ങൾ കഴിയുമ്പോൾ, ദൈവത്തിന്റെ പേരിൽ, സന്യാസത്തിന്റെ ലേബലിൽ ഭൗതിക കാര്യങ്ങളിൽ ഉയർന്ന നിലവാരവും ആത്മീയ കാര്യങ്ങളിൽ താഴ്ന്ന നിലവാരവും പുലർത്തുന്ന കുറെ ആളുകളുടെ ഒരു കൂട്ടമായിതീരും സി. എം. ഐ. സന്യാസം.

അതിന്റെ 'സവിശേഷതകൾ' താഴെ പറയുന്നവയായിരിക്കും:

**1.** പ്രാർത്ഥന എല്ലാ സാഹചര്യങ്ങളും ഒത്തുവന്നാൽ മതി. പ്രാർത്ഥന ഇല്ലെങ്കിലും സന്യാസിയായി ജീവിക്കാം.

**2.** വ്രതങ്ങൾ വാഗ്ദാനം ചെയ്താൽ മതി. അവ പാലിക്കണമെന്നില്ല. പാലിക്കണമെങ്കിൽ തന്നെ പറ്റുന്നതുപോലെ പാലിച്ചാൽ മതി.

**3.** ദൈവിശ്വാസം ഉണ്ടായാൽ മതി. വിശ്വാസാനുസൃതമായ പ്രവർത്തി വേണമെന്നില്ല.

**4.** പരിത്യാഗത്തിന് ഇന്ന് പ്രസക്തിയില്ല. ദൈവം സൃഷ്ടിച്ചവയെല്ലാം നല്ലതാണ്. അതുകൊണ്ട് എല്ലാം അനുഭവിച്ചു ജീവിക്കാം. സന്യാസം സർവ്വസംഗപരിത്യാഗത്തിന്റെ ജീവിതമാണെന്നും മറ്റുമുള്ള ചിന്തയ്ക്ക് ഇന്ന് പ്രസക്തിയില്ല.

**5.** നോമ്പില്ലാത്തകാലവും നോമ്പുകാലവും തമ്മിൽ വ്യത്യാസം കല്പിച്ചിട്ട് കാര്യമില്ല.

**6.** സന്യാസികളുടെ ജീവിതനിലവാരം (ഭൗതികകാര്യങ്ങളിൽ) സാധാരണക്കാരുടേതിൽ നിന്നും ഉയർന്നതായിരിക്കണം.

**7.** സന്യാസദാരിദ്രത്തെക്കുറിച്ചുള്ള പഴയ കാഴ്ചപ്പാടുകൾക്ക് ഇന്ന് പ്രസക്തിയില്ല.

**8.** ഒന്നിനും ഒരു കുറവും ഉണ്ടാകരുതെന്ന് മാത്രമല്ല, ആവശ്യത്തിൽ കൂടുതൽ ഉണ്ടാകണം.

**9.** സന്യാസികൾ ഉപയോഗിക്കുന്ന വസ്തുക്കൾ ഏറ്റവും നല്ലതായിരിക്കണം. അവർ ദാരിദ്ര്യവ്രതം എടുത്തവരാണല്ലോ!

**10.** സന്യാസഭവനങ്ങളിലെ സംവിധാനങ്ങൾകണ്ടാൽ "ഇത് എന്തൊരു കൂട്ടരാണ്; ഒരു standard ഇല്ലാത്തവർ" എന്ന് മറ്റുള്ളവരെകൊണ്ട് പറയിക്കാൻ ഇടയാക്കരുത്. ലാളിത്യവും

മിതത്വവുമൊക്കെ പഴഞ്ചൻ ചിന്താഗതിയുടെ ഫലമാണ്.

**11.** ആഘോഷങ്ങൾ പൊടിപൂരമായിരിക്കണം.

**12.** ഏതെങ്കിലും Department -ൽ പണം കൈകാര്യം ചെയ്യുന്നവർക്ക് പണം ചെലവഴിക്കാനോ, കടം വാങ്ങിക്കാനോ, കൊടുക്കാനോ അനുവാദം ആവശ്യമില്ല. തൊട്ടതിനൊക്കെ അനുവാദം ചോദിക്കാൻ പോയാൽ ഒരു കാര്യവും നടക്കുകയില്ല.

**13.** അധികാരികളുടെ പ്രധാനജോലി ഭൗതികകാര്യങ്ങൾ ഏറ്റം നന്നായി കൊണ്ടുപോകലാണ്.

**14.** ആത്മീയ കാര്യങ്ങൾക്കു മുൻഗണന കൊടുക്കുന്ന അധികാരി ഇന്നത്തെ കാലത്തിന് പറ്റിയവരല്ല.

**15.** അധീനർ എന്തു ചെയ്താലും നിശബ്ദത പാലിക്കുന്ന അധികാരി നല്ല അധികാരിയാണ്.

**16.** സന്യാസ നിയമങ്ങൾക്കനുസൃതം പ്രവർത്തിക്കുന്ന അധികാരി അധീനർക്ക് സ്വാതന്ത്ര്യം നല്കാത്ത അധികാരിയാണ്.

**17.** അധീനർ ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് ന്യായമായ ചോദ്യങ്ങൾ ചോദിക്കുന്ന അധികാരി പ്രവർത്തന സ്വാതന്ത്ര്യം നല്കാത്ത അധികാരിയാണ്.

**18.** സന്യാസ നിയമങ്ങൾ പറ്റുന്നതുപോലെ പാലിച്ചാൽ മതി.

**19.** സന്യാസ നിയമങ്ങൾ ദൈവഹിതത്തിന്റെ പ്രകാശനമാണെന്ന ചിന്താഗതിക്കു ഇന്ന് പ്രസക്തിയില്ല.

**20.** ആധുനികമാധ്യമങ്ങളുടെ ഉപയോഗത്തിൽ നിയന്ത്രണം പാലിച്ചിട്ട് ആവശ്യമില്ല. എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നതിൽ എന്താണ് തെറ്റ്?

# ഷില്ലോംങ്ങിലെ ചാവറപള്ളി

ഫാ. തോമസ് പന്തപ്ലാക്കൽ സി. എം. ഐ

ഇന്ത്യാമഹാരാജ്യത്തിന്റെ വടക്ക്കിഴക്ക് സ്ഥിതിചെയ്യുന്ന ഏഴു സംസ്ഥാനങ്ങൾ അതിർത്തിയുടെ സാമീപ്യം കൊണ്ടും സാസ്കാരിക ബന്ധംകൊണ്ടും പ്രകൃതി നിർമ്മിച്ച സ്വാഭാവികതകൊണ്ടും ഉള്ള ബന്ധങ്ങൾ കൊണ്ടായിരിക്കാം എഴു സഹോദരിമാർ എന്നാണ് അറിയപ്പെടുന്നത്. ലോകോത്തര വിനോദയാത്ര കേന്ദ്രവും കൂടി ആയ ഷില്ലോംങ്ങ് ആസ്ഥാനമായിട്ടുള്ള മേഘാലയ സംസ്ഥാനം എഴു സഹോദരിമാരിലെ സിന്ദൂരപൊട്ടാണ്. 22429 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയുള്ള ഈ സംസ്ഥാനത്ത് പല ട്രൈബുകളിലുള്ള ജനങ്ങളാണെങ്കിലും ക്രൈസ്തവസംസ്ഥാനം എന്നു വിളിക്കാം. പ്രോട്ടസ്റ്റന്റ് മിഷനറിമാരുടെ പിന്നാലെ സൽവത്തോറിയൻസും സലേഷ്യൻസും 1907 ഉം 1923 ഉം മുതൽ പ്രവർത്തിച്ചപ്പോൾ കത്തോലിക്കാസമൂഹം വളരെ കൂടുതൽ ഉള്ള ഒരു സംസ്ഥാനമായി മേഘാലയ.

നാലുരൂപതകൾ ഉൾകൊള്ളുന്ന ഷില്ലോംങ്ങ് അതിരൂപതയിലെ മൗബറി പാരിഷിന്റെ സ്റ്റേഷൻ പള്ളിയാണ് ചെറുഗ്രാമമായ സ്ളേവിലാർ. ഷിലോംങ്ങിൽ നിന്ന് 29 കിലോമീറ്റർ അകലമുണ്ട് ഈ ഗ്രാമത്തിലേക്ക്. ഇന്നു ജനശ്രദ്ധയെ ആകർഷിച്ചുകൊണ്ട് വി. ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ നാമത്തിലുള്ള നോർത്ത് ഈസ്റ്റ് ഇന്ത്യയിലുള്ള ആദ്യത്തെ പള്ളിയായി മാറിയിരിക്കുകയാണ് സ്ളേവിലാർ. ഖാസി ട്രൈബിൽ പെടുന്ന 38 കുടുംബങ്ങൾ ഉൾപ്പെടുന്നതാണ് സ്ളേവിലാർ പള്ളി. കൃഷിയും കന്നുകാലിവളർത്തലും തൊഴിലായി ജീവിക്കുന്ന നിഷ്കളങ്ക മാനസരായ നാടിന്റെ മക്കളാണ് ഇവർ.

ഇവരുടെ ചിരകാലാഭിലാഷമായിരുന്നു അവരുടെ മദ്ധ്യത്തിലൊരാരാധനാലയം ഉണ്ടായിരിക്കുക എന്നത്. 1986-ലാണ് പാവപ്പെട്ടവരായ ഇവർ ദേവാലയത്തിനുവേണ്ടി പരിശ്രമം തുടങ്ങിയത്. പരിശ്രമത്തിന്റെ തുടക്കവും ഫലമണിഞ്ഞ സമയവും വി. ചാവറപ്പിതാവുമായി ഒരു ബന്ധം കണ്ടെത്താൻ കഴിയുന്നു. 1986-ലാണ് അദ്ദേഹം വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ടത്. 2014-ലാണ് അദ്ദേഹത്തിന്റെ വിശുദ്ധപദപ്രഖ്യാപനം. അപ്പോഴേക്കും പള്ളിയുടെ പണി പൂർത്തിയാകാറായി. വി. ചാവറപ്പിതാവിന്റെ നാമം പളളിക്കു നൽകാമെന്ന തീരുമാനവും അതോടെ ഉണ്ടായി. നോർത്ത് ഈസ്റ്റിലെ ആദ്യത്തെ ചാവറപളളിക്കുവേണ്ടി ദൈവം കാത്തുനിന്ന അനുഭവമാണ് നമുക്കിവിടെ കണ്ടെത്താനാവുക.

2002-ൽ മുളകൊണ്ടുണ്ടാക്കിയ ചെറിയപളളി പൊളിച്ച് വിപുലപ്പെടുത്തുവാൻ 2008-ൽ തീരുമാനമായി. സാമ്പത്തികം കണ്ടെത്തുവാൻ അടുത്ത ഗ്രാമത്തിൽ കപ്പുച്ചിൻ മൈനർ സെമിനാരിയുടെ റെക്ർ ആയിരുന്ന ഫാ. മാത്യു കല്ലിടിക്കിൽ ofm cap ഇവരുടെ സഹായത്തിനെത്തി. അദ്ദേഹത്തിന്റെ ഔദാര്യപൂർണ്ണമായ സഹകരണംകൊണ്ട് പള്ളിയുടെ പണി പൂർത്തിയായി. ആ ഗ്രാമത്തിൽ തന്നെ സന്യാസിനി പരിശീലനത്തിനു തുടങ്ങിയ ക്ലാര സഭാസ്ഥാപനത്തിലെ സി. ലിനറ്റ് വയലിൽ കളപ്പുരയേയും കപ്പൂച്ചിൻ വൈദികൻ മാത്യു കല്ലിടുക്കിലിനെയും ചാവറപ്പിതാവിനു വേണ്ടി ദൈവം നിമിത്തങ്ങളാക്കി. സിസ്റ്റർ ലിനറ്റും കമ്മ്യൂണിറ്റിയും മാത്യു അച്ചനുംകൂടി ആലോചിച്ചു ചാവറപിതാവിന്റെ നാമം പുതിയ പളളിക്ക് നൽകാമെന്ന്. ഇവിടെയും ചാവറപിതാവിന് ക്ലാരസഭയോടുള്ള ബന്ധത്തെ ഉറപ്പിക്കുവാനവസരമായി. വിശുദ്ധ അൽഫോൻസാമ്മക്ക് മൂന്നുപ്രാവശ്യം രോഗശാന്തി ലഭിക്കുവാൻ ചാവറപിതാവ് നിമിത്തമായി എന്നതും ചരിത്രത്തിന്റെ ഭാഗമാണ്.

തുടർന്ന് മൗബറി ഇടവകയുടെ വികാരി ഫാ. ലിയോാമേരിയുടെ നേതൃത്വത്തിൽ 2015 ആരംഭത്തിൽ വി. ചാവറകുര്യാക്കോസ് ഏലിയാസിന്റെ നാമത്തിൽ പള്ളി വെഞ്ചരിച്ചു. താമസിയാതെ

ഷില്ലോംങ്ങ് അതിരൂപതയിലെ ഒരിടവകയായും ചാവറപിതാവിന്റെ ഒരു തീർത്ഥാടനകേന്ദ്രമായും ഇവിടം വളരും എന്ന വലിയ പ്രതീക്ഷയിലും പ്രാർത്ഥനയിലുമാണ് സ്ളേവിലാർ പള്ളിയിലെ ഓരോ അംഗവും.

ഇത്രയും ചരിത്രത്തിലൂടെ കടന്നുപോയപ്പോൾ സി. എം. ഐ. സഭയ്ക്ക് ഈ പളളിയോടു ബന്ധപ്പെടുത്തി ഒരിടം കിട്ടിയതിനെക്കുറിച്ചും ഇവിടെ സൂചിപ്പിക്കുന്നത് നല്ലതെന്നു കാണുന്നു. തീരുമാനങ്ങളൊക്കെ ഏതാണ്ട് പൂർത്തിയായപ്പോൾ സി. ലിനറ്റ് കേരളത്തിലെ വീട്ടിലെത്തി. കോട്ടയം പ്രൊവിൻസിലെ ബ. ജോർജ് വയലിൽ കളപുരയച്ചന്റെ സ്വന്തം സഹോദരിയാണ് സി. ലിനറ്റ് എഫ്. സി. സി. വീട്ടുകാരുടെ വകയായി ചാവറപ്പിതാവിന്റെ ആൾരൂപം നൽകി. സിസ്റ്റർ പിന്നെ ബന്ധപ്പെട്ടത് എന്നെയാണ്. നമ്മുടെ ജനറാൾ ഹൗസിൽ വന്ന സിസ്റ്ററിന് ചൈനയിൽ പ്രിന്റ് ചെയ്ത ചാവറപ്പിതാവിന്റെ പടം അവിടെയുള്ള എല്ലാകുടുംബങ്ങൾക്കുമായി നൽകി. കോട്ടയം പ്രൊവിൻസിൽ നിന്ന് പതിനായിരം രൂപയും സിസ്റ്റർ വഴി കൊടുത്തയച്ചു.

രൂപവും പടങ്ങളും പള്ളിയിലും വീടുകളിലും എത്തിയപ്പോൾ ജനങ്ങൾക്കു വലിയ ആവേശമായി വി. ചാവറപിതാവിനെക്കുറിച്ച് കൂടുതൽ അറിയുവാൻ. അവർക്ക് മനസ്സിലാക്കാൻ പറ്റുന്ന വിധത്തിലുള്ള ചില ഇംഗ്ലീഷ് പുസ്തകങ്ങൾ സി. ലിനറ്റിനയച്ചുകൊടുത്തു. അവിടുത്തെ ജനങ്ങളുടെ മാതൃഭാഷയായ ഖാസി ഭാഷയിലേക്ക് അവിടത്തുകാരനായ മിസ്റ്റർ എവരീസ്റ്റ് മൊഴിമാറ്റം ചെയ്തു. ഈ ചെറുപുസ്തകം പ്രിന്റ് ചെയ്യുവാനാവശ്യമായ 25000 രൂപ പാസ്റ്ററൽ ഡിപ്പാർട്ട്മെന്റ് വഴി ബഹു. സാജു അച്ചൻ നൽകുകയുണ്ടായി. വിശുദ്ധനെ അറിയും തോറും അവർ വിശുദ്ധനിൽ കൂടുതൽ ആകർഷിതരായി. അവരെക്കുറിച്ച് സി. ലിനറ്റുമായി വിലയിരുത്താറുണ്ടായിരുന്നു, വല്ലപ്പോഴും.

കുറെ സി. എം. ഐ അംഗങ്ങളും ബഹു. ജനറാളച്ചനോടു കൂടി ഷില്ലോംങ്ങിലെ ചാവറപള്ളിയിൽ എത്തുക എന്നത് ദൈവിക

പദ്ധതിയായിരുന്നു എന്നുതോന്നുന്നു. നമ്മുടെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുവാൻ വേണ്ടി സലേഷ്യൻ മിഷനറിമാരുടെ അടുത്ത് ഷില്ലോംങ്ങിനുപോയി വിലയിരുത്തുന്നത് നല്ലത് എന്ന തീരുമാനത്തോടെ ബഹു. ജനറാളച്ചനും പാസറ്ററൽ കൗൺസിലർ ബഹു. സാജു അച്ചനും എല്ലാ പ്രൊവിൻസിലെയും പാസ്റ്ററൽ കൗൺസിലർമാരുംകൂടി ഷില്ലോംങ്ങിന് പോയത് ചാവറ പള്ളി സന്ദർശിക്കുവാനുള്ള ദൈവനിയോഗമായി.

2018 ഫെബ്രുവരി 21ന് വൈകിട്ട് ആറര മണിക്ക് ഞങ്ങൾ 17 പേർ സ്ളേവിലാർ പള്ളിയിലെത്തി. ഖാസിസംസ്ക്കാരമുറയനുസരിച്ച് ഞങ്ങളെ അവർ ആഘോഷമായി സ്വീകരിച്ചു. ബഹു. ജനറാളച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ഞങ്ങൾ സമൂഹബലിയർപ്പിച്ചു. ഞാൻ ഹോമിലി പറഞ്ഞു. കോഴിക്കോടുപ്രൊവിൻസിന്റേതായി നൽകിയ അരുളിക്കായിലുള്ള ചാവറപിതാവിന്റെ തിരുശ്ശേഷിപ്പ് ബഹു. ജനറാളച്ചൻ ആഘോഷമായി അൾത്താരയിൽ വണക്കത്തിനു സമർപ്പിച്ചു പ്രാർത്ഥനകൾ നടത്തി. വിമലഹൃദയത്തിന്റെ ഭിത്തിയിൽ സ്ഥാപിക്കാവുന്ന വലിപ്പമുള്ള പടവും എല്ലാ കുടുംബങ്ങൾക്കും നൽകി. ഭാവിയിലെ ഒരു ചാവറ തീർത്ഥാടനകേന്ദ്രമായിത്തീരട്ടെ എന്ന ആശംസയും പ്രാർത്ഥനയുമായിരുന്നു എല്ലാവരുടെയും അധരത്തിൽ നിന്നുയർന്നത്. ഒരു സാധാരണ പള്ളിയിൽ ഇത്രയും വൈദികർ ഒരുമിച്ച് ബലിയർപ്പിച്ച് പ്രാർത്ഥിച്ചത് മേഘാലയയിലെ ചരിത്രസംഭവമായി അവർ അനുസ്മരിച്ചു. മിസ്റ്റർ എവരീസ്റ്റ് ഖാസി ഭാഷയിലും ഇംഗ്ലീഷിലും കാര്യങ്ങൾ വിശദീകരിക്കുകയും ബഹു. വികാരിയച്ചൻ സ്നേഹനിർഭരമായ നന്ദിയറിയിക്കുകയും ആ നാടിന്റെ സംസ്ക്കാരത്തിനനുസരിച്ചുള്ള ഷാളണിയിച്ച് ഞങ്ങളെ ആദരിക്കുകയും ചെയ്തപ്പോൾ അവിടുത്തെ മുപ്പത്തിയെട്ട് കത്തോലിക്കാ കുടുംബങ്ങളിലെ ആബാലവൃദ്ധം അംഗങ്ങളും വലിയൊരു നിർവൃതിയിലാണ്ടു.

# ഒന്നര നൂറ്റാണ്ടിന്റെ ചരിത്രം പിന്നിട്ട ' ഒരു നല്ല അപ്പന്റെ ചാവരുൾ'

ഫാ. ജെയിംസ് മഠത്തികണ്ടം സി. എം. ഐ

കേരള സംസ്കാരത്തിന്റെ പെരുമാറ്റ ചട്ടത്തിൽ കഴിഞ്ഞിരുന്ന ജനങ്ങൾക്ക് ധന്യമായ ഒരു ജീവിതത്തിന്റെ സത്യാവസ്ഥ തെളിയിച്ച മൂല്യസമ്പത്താണ് വിശുദ്ധ ചാവറപിതാവിന്റെ ചാവരുൾ. കേരളത്തെ നന്മ മാത്രം ചെയ്യാനും സ്നേഹം മാത്രം കാത്തുസൂക്ഷിക്കാനം പഠിപ്പിച്ച് അറിവിലൂടെ ആത്മീയത വളർത്തിയ കേരളത്തിന്റെ സാംസ്കാരിക സമുദ്ധാരകനായ ചാവറപിതാവ് കേരള സഭയെ മാത്രമല്ല, കേരള സമൂഹത്തെ സേവിച്ചുവെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നതാണ് ചാവരുൾ. 1868 ഫെബ്രുവരി 13-ാം തീയതി കൂനമ്മാവ് ആശ്രമത്തിലിരുന്ന് തന്റെ അന്ത്യനാളിനോട് സമീപിച്ചപ്പോൾ കുറിപ്പാക്കിയ ഒരു നല്ല അപ്പന്റെ ചാവരുൾ ആണിത്. അറിവിന്റെ ഒരു പുസ്തകം മാത്രമല്ലിത്, ജീവിതത്തിന്റെ താക്കോലാണ്. ഒന്നര നൂറ്റാണ്ടിനു മുമ്പ് കണ്ടറിഞ്ഞ് മനസ്സിലാക്കിയ ഒരു വേദന കുറിപ്പായിരുന്നു ചാവറപിതാവിന്റെ മനസ്സിൽ ഉതിർന്ന ഈ അമൂല്യ വചനങ്ങൾ. ഒരു ജനതയെ മുഴുവനും പഠിപ്പിച്ച് സ്വാംശീകരിച്ച് നന്മയുടെ പോയിന്റിൽ കൊണ്ടെത്തിക്കാൻ ദീർഘശ്വാസമെടുത്ത ഒരു പുണ്യവാന്റെ ഹൃദയമാണീ ചാവരുൾ.

മാധ്യമലോകത്തിന്റെ നിയന്ത്രണമില്ലാത്ത പാച്ചിലിൽ കടിഞ്ഞാണിടാൻ മനുഷ്യമക്കളോട് പറയുന്ന ഹൃദയഭാഷണമാണിത്. ഒരു കുടുംബത്തിന്റെയൊ, ഒരു കുട്ടിയുടെയൊ, ഒരു വ്യക്തിയുടെയൊ, ജീവിത പശ്ചാത്തലങ്ങളെ, കണ്ണാടിയിൽ എന്നപോലെ ഇന്ന് ഈ ചാവരുൾ പ്രകാശിപ്പിക്കുമ്പോൾ ഇതിനോട് കിടപിടിക്കുവാൻ മറ്റൊരു മൂല്യചിന്തയും ഇല്ല. കൈനകരിയിലെ

തന്റെ വീടിനുള്ളിൽ അപ്പനും അമ്മയും സഹോദരങ്ങളും തന്നെ വളർത്തിയ ആ കുട്ടിക്കാലം പുഷ്പിച്ചത് ഈ ചാവരുളിലാണ്. പകർച്ചവ്യാധിമൂലം തന്റെ അപ്പനും അമ്മയും ഏകസഹോദരനും മരണമടഞ്ഞതിന്റെ ദു:ഖം മനസ്സിലുണ്ടെങ്കിലും യുവപ്രായത്തിലെ ആ നൊമ്പരം-ഏകനായിരുന്ന ആ ഓർമ്മയിൽ നിന്ന്, ജീവിതത്തിന്റെ അന്ത്യനാളുകളിലെത്തിയപ്പോൾ, നഷ്ടപെടാത്ത സ്നേഹത്തിന്റെ മുദ്രയാണ് ചാവറപിതാവ് അവസാനമായികുറിച്ച് കൈനകരിയിലെ തന്റെ ബന്ധുക്കൾക്കും നാട്ടുകാർക്കുമായി സമ്മാനിച്ച ചാവരുൾ. കൈനകരി കുരിശുപള്ളിയുടെ പെട്ടിയിൽ സൂക്ഷിക്കുകയും മാസത്തിലെ ആദ്യ ശനിയാഴ്ച എല്ലാവരും കൂടി വായിക്കുകയ്യും സാധിക്കുന്നവരൊക്കെ പകർത്തി എഴുതി വീടുകളിൽ സൂക്ഷിക്കുകയും ചെയ്യണമെന്ന് ചാവറപിതാവ് നിഷ്കർഷിക്കുമ്പോൾ, 'ഞാൻ മരിച്ചാലും ഈ കടലാസ് മരിക്കുകയില്ലാ'യെന്ന് ഇതോടൊപ്പം കുറിച്ച അദ്ദേഹത്തിന്റെ ആഗ്രഹം ഇന്ന് ജാതി - മത വ്യത്യാസം കൂടാതെ സ്വീകരിക്കുവാൻ ലോകജനതയ്ക്ക് കടമയായിരിക്കുന്നു.

ചാവരുളിനെ കലകളോട് ബന്ധിച്ച് ഇതിന്റെ ആത്മീയ ആഴം കണ്ടെത്താൻ ബന്ധപ്പെടുമ്പോൾ മനസ്സിന്റെയും ബുദ്ധിയുടെയും തലങ്ങളിലേക്കുയർത്തിയാൽ മന:സ്ഥാപത്തിനും മാനസാന്തരത്തിനും മന:പരിവർത്തനത്തിനും ചാവരുൾ കാരണമാകുമെന്ന് ഇതിലെ 40 നമ്പരുകളിൽ പറഞ്ഞിരിക്കുന്ന ഉപദേശങ്ങൾ വ്യക്തമാക്കുന്നു. "സമ്പന്നരെ,നിങ്ങൾക്കു ദുരിതം. നിങ്ങളുടെ ആശ്വാസം നിങ്ങൾക്കു ലഭിച്ചുകഴിഞ്ഞു. ഇപ്പോൾ സംതൃപ്തരായിരിക്കഴിയുന്നവരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾക്കു വിശക്കും. ഇപ്പോൾ ചിരിക്കുന്നവരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ ദു:ഖിക്കും" (വി. ലൂക്കാ 6:24). ഈ ദുരിതങ്ങൾ അവസാനിക്കാൻ വി. ചാവറപ്പിതാവ് നല്കുന്ന ചാവരുൾ ശ്രദ്ധേയമാണ്. " നിങ്ങൾ തമ്മിൽ തമ്മിൽ ഉപവിയായിരിപ്പിൻ, സ്നേഹമായിരിപ്പിൻ. ഓരോരുത്തന്റെ കുറവുകളും, പോരായ്മകളും നിങ്ങൾ തമ്മിൽ ക്ഷമിപ്പിൻ. ഇപ്രകാരം ചെയ്താൽ ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും"

ദുരിതമില്ലാത്ത ഒരു ജീവിതം നയിക്കുവാൻ സ്നേഹവും ഉപവിയുമാണ് ആവശ്യമെന്ന് വി. ചാവറപ്പിതാവ് നമ്മെ പഠിപ്പിക്കുന്നു.

വി. ലൂക്കാ 6:27 -ൽ വായിക്കുന്നു, ‘‘ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുവിൻ.’’ ഈ സുവിശേഷഭാഗങ്ങൾ വി. ചാവറപ്പിതാവിന്റെ ചാവരുളിൽ ‘‘വഴക്കുള്ള തറവാട് വേഗത്തിൽ നശിച്ചുപോകും. നിങ്ങളുടെ അറ്റകുറ്റങ്ങളും കുറവുകളും നിങ്ങൾ തമ്മിൽ തമ്മിൽ ക്ഷമിക്കയില്ലെങ്കിൽ പുറമേയുളളവർ ക്ഷമിക്കുമോ?’’ എന്ന് നാം ചേർത്തുവായിക്കണം.

ഇങ്ങനെ സുവിശേഷങ്ങൾ, നോമ്പുകാലത്ത് നമ്മെ പരിവർത്തനപ്പെടുത്തുവാൻ ഉപകരിക്കുന്നതുപോലെ, ചാവരുൾ ആന്തരിക പരിവർത്തനത്തിന് ഏറെ ഉപകരിക്കുന്നുണ്ട്. ‘‘ഒരു ചെകിട്ടത്ത് അടിക്കുന്നവന് മറ്റേ ചെകിടുകൂടി കാണിച്ചുകൊടുക്കുക’’യെന്ന യേശുവിന്റെ സുവിശേഷസന്ദേശം ചാവരുളിലൂടെ ഉപദേശിക്കുന്നത് ‘‘മറ്റുള്ളവർ നിന്റെ ഒരു കുറ്റം ക്ഷമിക്കണമെങ്കിൽ ഇന്ന് മറ്റുള്ളവരുടെ അറ്റകുറ്റങ്ങൾ നീ ക്ഷമിക്കേണ്ടയോ?’’ എന്നാണ്. ചുരുക്കത്തിൽ ഭിന്നിപ്പില്ലാത്ത മനസ്സോടുകൂടി ജീവിക്കുവാനുള്ള കടമയാണ് ചാവരുളും സുവിശേഷവും ചൂണ്ടിക്കാണിക്കുന്നത്.

‘‘നിങ്ങൾ വിധിക്കരുത്,’’ചീത്ത മനുഷ്യൻ തിന്മയിൽ നിന്ന് തിന്മ പുറപ്പെടുവിക്കുന്നു’’ എന്ന ലൂക്കാ സുവിശേഷകന്റെ വചനങ്ങളും ഈ നോമ്പുകാലത്ത് നമ്മെ ക്ഷമയിലേക്ക് നയിക്കട്ടെ. അല്പമെങ്കിലും ഉപവിയുടെ ഗുണങ്ങളുണ്ടാകാനും ഉപവിശാലകൾ സന്ദർശിക്കാനും നമുക്കു കഴിയട്ടെ.

‘‘സർക്കാർ വഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കുന്നു. എത്ര ന്യായമുള്ള സംഗതികളെക്കുറിച്ചായിരുന്നാലും സർക്കാരിൽ പോകാതിരിക്കുന്നതായിരുന്നു നന്ന്’’ ചാവരുളിലെ ഈ വചനങ്ങൾ ഇന്ന് വർദ്ധിച്ചുവരുന്ന ഭിന്നതയെ ഇല്ലാതാക്കുവാനും സമാധാനം സ്ഥാപിക്കുവാനും കഴിയണം. കുടുംബങ്ങളിലും സഭയിലും ഒരുപോലെ

ഇന്ന് ഭിന്നത വർദ്ധിച്ചു. സമാധാനമല്ല, അന്വേഷിക്കുന്നത്, മാദ്ധ്യ മങ്ങളെയും സർക്കാരിനേയുമാണ്. ഒരേ സമയം രണ്ടിന്റെയും ഇര കളായിമാറുന്നു. മാധ്യമങ്ങൾ ഭിന്നതകുറയ്ക്കുമോ? സർക്കാരിൽ എത്തുന്ന വഴക്കുകൾ നീതിപാലിക്കുമോ? ഇതൊന്നും ഇല്ലാതെ മനുഷ്യൻ തകർന്ന്, സംവിധാനങ്ങൾ ഉടഞ്ഞ്, വലിച്ചിഴക്കപ്പെടുന്നു. നിലനില്പ്പുള്ള ഒരു സംവിധാനത്തെ നിലനിൽപ്പില്ലാതാക്കുവാൻ ഭിന്നതയ്ക്കു കഴിയുമെന്ന് നാം കണ്ടു.

ഭിന്നതകളെക്കുറിച്ച് ലോകചരിത്രത്തിന്റെ ആരംഭം മുതൽ നമുക്കു കാണാം. കായേനും ആബേലും തമ്മിൽ ഭിന്നതയുണ്ടായി. ആദ്യമാതാപിതാക്കളുടെ പാപംമൂലം ദൈവവും മനുഷ്യനും തമ്മിൽ ഭിന്നതയുണ്ടായി. രാഷ്ട്രീയപാർട്ടികളിലും ഈ ഭിന്നത വളർന്നു. ഏകമായിരുന്ന മനുഷ്യമനസ്സുകൾ രണ്ടായി പിളർന്നു. വിവാഹ ത്തിലൂടെ ഒന്നാക്കപ്പെട്ട പുരുഷനും സ്ത്രീയും ഭിന്നിച്ചപ്പോൾ, അവർ വേർപിരിയാൻ കോടതിയെ സമീപിക്കുന്നു. കുടുംബതലങ്ങളിലും സഭാതലങ്ങളിലും രാജ്യതലങ്ങളിലും ഈ ഭിന്നത വ്യക്തമാണ്. ത്യാഗത്തിന്റെയും സഹനത്തിന്റെയും സന്ദേശങ്ങൾ തരുന്ന നോമ്പു ഭിന്നതയവസാനിപ്പിക്കുവാൻ ഇടയാക്കണം. രാജ്യങ്ങൾ തമ്മിൽ ഭിന്നതയുണ്ടായി യുദ്ധത്തിൽ അവസാനിച്ചപ്പോൾ വലിയ നഷ്ട ങ്ങളാണുണ്ടായത്. കുടുംബങ്ങൾ തമ്മിൽ ഭിന്നതയുണ്ടായപ്പോൾ എത്രയോ കുടുംബങ്ങളാണ് നശിച്ചുപോയത്? സമ്പത്തു മുഴുവനും മക്കളുടെ കൈവശം ആയപ്പോൾ പിതാവിനെയൊ, മാതാവിനെയൊ സംരക്ഷിക്കാൻ മനസാകാത്ത മകനും മരുമകളും എത്രയോ അധികം ഭിന്നതയിലായി? ആർക്കും സമാധാനമോ, സന്തോഷമോ ഇതുമൂലം ഉണ്ടായിട്ടില്ല. ഈ നോമ്പിന്റെയവസരത്തിൽ ഭിന്നതകൾ ഒഴിവാക്കി സ്നേഹത്തിലേക്ക് വരുവാൻ ‘ചാവരുൾ’ നമ്മെ സഹായിക്കട്ടെ.

# നേതൃത്വ ശുശ്രൂഷ

## - ഒരു പരിചിന്തനം

## 'കൂട്ടായ്മ'യിലെ 'സുപ്പീരിയർ' വാക്കിൽത്തന്നെ വൈരുദ്ധ്യം!

**ഫാ. ജോസ് പാലാട്ടി സി. എം. ഐ**

സമൂഹം, പറ്റം, കൂട്ടം, കൂട്ടായ്മ... എന്നീ വാക്കുകൾ പ്രഥമതാ പര്യായങ്ങളെന്നേ തോന്നു. പക്ഷെ അർത്ഥതലങ്ങളിൽ ഏറെ വ്യത്യാസമുണ്ട്. മനുഷ്യസമൂഹം, ആട്ടിൻപറ്റം, ആൾക്കൂട്ടം, സഭാക്കൂട്ടായ്മ എന്നിവ ഉദാഹരണങ്ങൾ. പൂരപ്പറമ്പിലും ചന്തസ്ഥലത്തും കൂടുന്നത് ആൾക്കൂട്ടമാണ്. ഓരോരുത്തർക്കും വ്യത്യസ്തമായ ലക്ഷ്യമായിരിക്കും, ഒരിടത്ത് കൂടുന്നതുകൊണ്ട് ഉണ്ടാവുക. എന്നാൽ ദേവാലയത്തിൽ സമ്മേളിക്കുന്നവർ ദൈവാരധനയെ ലക്ഷ്യമാക്കുന്നവരാണ്. തന്മൂലം വ്യക്തികളുടെ ആത്മീയപോഷണം സാധ്യമാവും; ഹൃദയഐക്യവും ഉണ്ടാവും.

പഴയനിയമത്തിലെ ഇസ്രായേൽ ദൈവത്താൽ വിളിച്ചുകൂട്ടപ്പെട്ട ജനമാണ് 'ദൈവജനം.' അവരുടെ നിയതമായ സ്വഭാവമാണ് കൂട്ടായ്മ (Communion) ; ഓരോരുത്തർക്കും എല്ലാവർക്കും ഒരേ ഒരു ലക്ഷ്യം. ഇതുതന്നെയാണ് സമർപ്പിതരുടെ കൂട്ടായ്മയെക്കുറിച്ചും പറയാനാവുക.

**ചുരുക്കത്തിൽ :** സമർപ്പിതരുടേത് ആൾക്കൂട്ടമല്ല; സാമുദായികമോ സാമൂഹികമോ ആയ സംഘടനയോ സഖ്യതയോ അല്ല, മറിച്ച് കത്തോലിക്ക സഭ ഔദ്യോഗികമായി നിർവചിച്ചിരിക്കുന്നതുപോലെ ദൈവസ്നേഹത്തിന്റെ പ്രകാശനമായി യേശുക്രിസ്തുവിനെ അനുഗമിച്ചുകൊണ്ടുള്ള, സിദ്ധിപരമായി ഉടലെടുക്കുന്നതും, തിരുസഭയാൽ അംഗീകൃതവുമായ ഒരു പൊതു ജീവിതാവസ്ഥയാണിത്. സുവിശേഷാത്മകമായ ദാരിദ്ര്യം, ബ്രഹ്മചര്യം (കന്യാത്വം), അനുസരണം എന്നീ വ്രതങ്ങളുടെ പരസ്യപ്രഖ്യാപനത്താൽ ഒരു സമൂഹത്തിന് സ്വയം സമർപ്പിച്ചിട്ടുള്ള ഒരു ജീവിത ശൈലിയാണിത്. ഒരുപ്രകാരത്തിലുള്ള ലോകാകല്ച്ച ഇവിടെ ഉദ്ദേശിക്കുന്നുണ്ടെങ്കിലും, ലോകത്തിലും, ലോകത്തിനുമായുള്ള ശുശ്രൂഷയാണ് അനുഷ്ഠിക്കപ്പെടുക.

**ഇസ്രായേൽ ദൈവജനം :** ദൈവികമായ കൂട്ടായ്മയിലേക്ക് വിളിക്കപ്പെട്ട ജനമാണ് ഇസ്രായേൽ. ചിതറിക്കിടന്ന ജനത്തെ സ്നേഹത്തിൽ ഒന്നിപ്പിക്കാൻ തിരുവുള്ളമായ യാഹ്‌വേ, തന്റെ ഹൃദയവികാരങ്ങൾക്കൊത്ത് പ്രവർത്തിച്ച പ്രവാചകരേയും, ജനനേതാക്കന്മാരേയും, രാജാക്കന്മാരേയും തെരഞ്ഞെടുത്ത് നിയമിച്ചു; സ്വന്തം ജനത്തെ നയിക്കാനും ലക്ഷ്യസ്ഥാനത്ത് എത്തിക്കാനും തീരുമാനിച്ച അവിടുന്ന് ഇടയന്മാരെയെന്നവിധമാണ് മുൻപറഞ്ഞ നേതൃനിരയെ അഭിഷേചിച്ചു നൽകിയത്. എന്നാൽ ചുരുക്കം ചിലർ യാഹ്‌വേയുടെ ഹിതത്തിനിണങ്ങാതായപ്പോൾ അവിടുന്ന് അവരെ നിഷ്ക്കാസനം ചെയ്തു. നേരായ നേതൃത്വത്തെ പരിപാലിച്ചു.

**യേശു തെരഞ്ഞെടുത്ത ശ്ലീഹന്മാരുടെ കൂട്ടായ്മ :** സുവിശേഷകനായ വി. മർക്കോസ് യേശു പ്രത്യേകം തെരഞ്ഞെടുത്ത് തന്നോടുകൂടിയായിരിക്കാൻ തിരുമനസ്സായ ആദ്യകൂട്ടായ്മയെക്കുറിച്ച് വിവരിക്കുന്നുണ്ട്. **"പിന്നെ അവൻ മലമുകളിലേക്ക് കയറി. തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്കുവിളിച്ചു.... തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയക്കുന്നതിനും പിശാചുകളെ ബഹിഷ്കരിക്കാൻ അധികാരം നൽകുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു"** (മർക്കോ 3:13-15).

യേശുകേന്ദ്രീതമായ ഈ കൂട്ടായ്മയക്ക് നേതൃത്വം നൽകാൻ അവിടുന്ന് ശിമയോനെ ( പത്രോസ് = പാറ) നിയോഗിച്ചു (യോഹ 21:15-19), (മത്താ 16: 16-20). പന്ത്രണ്ടുപേരടങ്ങുന്ന അപ്പസ്തോല സംഘം ഒരു ആദർശസംഖ്യയാണ്. പഴയനിയമത്തിലെ പന്ത്രണ്ടു ഗോത്രങ്ങളെ ഇതു സൂചിപ്പിക്കുന്നു. മൂന്നുപേരടങ്ങുന്ന ചെറിയ കോർഗ്രൂപ്പും യേശുവിന്റെ ഭാവനയിൽപ്പെട്ടതുതന്നെ. (പത്രോസ്, യാക്കോബ്, യോഹന്നാൻ). ആധുനിക മനശ്ശാസ്ത്ര പഠനത്തിന്റെ വെളിച്ചത്തിൽ മാതൃകാഗ്രൂപ്പിലെ അംഗസംഖ്യ ഒമ്പതിനും പതിമൂന്നിനുമിടയ്ക്കാണത്രേ! വീണ്ടും നവീകൃത കർമ്മലീത്ത ചൈതന്യമനുസരിച്ച്, ആവിലായിലെ വി. ത്രേസ്യാ ശുപാർശചെയുന്ന കന്യകാമഠങ്ങളിലെ അംഗസംഖ്യ ഒമ്പതിനും പതിമൂന്നിനുമിടയ്ക്കാണ്. കൂട്ടായ്മ പരിപോഷണത്തിന് ഈ സംഖ്യ തികച്ചും പര്യാപ്തമാണ്. തീരെ ചെറുതല്ല, അത്ര വലുതുമല്ല! **അപ്പസ്തോല പ്രമുഖനായ വി. പത്രോസ് തന്റെ നേതൃനിയമനം തീർത്തും ഒരു ദൈവവിളിയാണെന്ന് ബോധിക്കുന്നു. അതുകൊണ്ട് നമ്മുടേതും ഒരു ദൈവിളിയാണെന്നും, അതുപ്രഥമതാ വിശുദ്ധിയിലേക്കുള്ള വിളിയാണെന്നും ഓർമ്മിപ്പിക്കുന്നു** (1 പത്രോ 1:15).

ആദിമസഭ ഏകമനസ്സോടെ - യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരങ്ങളോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു (അപ്പ. 1:14). അപ്പസേതോല സ്ഥാനം നഷ്ടപ്പെടുത്തിയ യൂദാസിനുപകരം ആ സ്ഥാനം ഏറ്റെടുക്കാൻ പത്രോസിന്റെ നേതൃത്വത്തിലുള്ള കൂട്ടായ്മ പ്രാർത്ഥനയിലും പരിചിന്തനത്തിലും ചെലവഴിച്ചു. ദൈവത്തിന്റെ തെരെഞ്ഞടുപ്പു ഫലമായി മത്തിയാസിനു കുറിവീണു; അദ്ദേഹം കൂട്ടായ്മയിൽ എണ്ണപ്പെട്ടു (അപ്പ 1:18-26). അപ്പസ്തോല സമൂഹത്തിന്റെ എല്ലാ നീക്കങ്ങളും തീരുമാനങ്ങളും ഏകഹൃദയത്തോടും ഏകമനസ്സോടും എന്ന രീതിയിലാണ് നടന്നത്. ഐക്യത്തിന്റെ ആത്മാവ് ആദിമ സഭയെ നിതരാം നയിച്ചിരുന്നു.

വീണ്ടും, ഇന്നത്തെ സമർപ്പിത കൂട്ടായ്മയുടെ ആദിരൂപം അപ്പസ്തോല പ്രവർത്തികളിൽ വിവരിക്കുന്നതുപോലെയാണെന്ന് വ്യക്തം. വിശ്വാസികളുടെ സമൂഹത്തിന് ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതുസ്വത്തായിരുന്നു... അവരെല്ലാവരുടെയും മേൽ കൃപാവരം സമൃദ്ധമായി ഉണ്ടായിരുന്നു. അവരുടെയിടയിൽ ദാരിദ്ര്യമനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല... ഓരോരുത്തർക്കും ആവശ്യമനുസരിച്ച് വിതരണം ചെയ്തു (4:32-35).

**ഈയവസ്ഥയക്ക് ഒരു തകിടം മറിച്ചിലുണ്ടായാൽ, അത് കൃപാസമൃദ്ധിയുടെ അഭാവവും, സാമ്പത്തികഭദ്രതയും, സമൂഹാംഗങ്ങൾക്ക് ഹൃദയഭിന്നതയും ഉണ്ടാവുന്നത് നിമിത്തം മാത്രമായിരിക്കും. അതുണ്ടാവാതിരിക്കാനുള്ള ജാഗ്രതയാണ് എല്ലാവർക്കും വേണ്ടത്. എല്ലാക്കാലത്തും ഉണ്ടാവേണ്ടത്.**

**സോളമൻ പഠിപ്പിക്കുന്നത് :** സോളമൻ പിതാവായ ദാവീദിന്റെ സിംഹാസനത്തിൽ പ്രതാപവാനായി കഴിയുന്ന കാലത്ത് ഒരിക്കൽ പതിവുപോലെ ഗിബയോൺ മലയിൽ ബലിയർപ്പിക്കാൻ പോയി. രാത്രിയിൽ ദൈവമായ കർത്താവ് പ്രത്യക്ഷപ്പെട്ട് രാജാവിനോടു അരുളിചെയ്തു. "നിനക്ക് എന്തു വേണമെങ്കിലും ചോദിച്ചുകൊള്ളുക." രാജാവു മറുപടി പറഞ്ഞു: "എന്റെ ദൈവമായ കർത്താവേ ഭരണപരിചയമില്ലാത്ത ഒരു ബാലനായിരുന്നിട്ടുപോലും ഈ ദാസനേ എന്റെ പിതാവായ ദാവീദിന്റെ സ്ഥാനത്ത് രാജാവാക്കിയിരിക്കുന്നു.. **ഈ മഹാജനത്തെ നയിക്കാൻ ആർക്കുകഴിയും? ആകയാൽ നന്മയും തിന്മയും വിവേചിച്ചറിഞ്ഞ് അങ്ങയുടെ ജനത്തെ ഭരിക്കാൻ പോരുന്ന വിവേകം ഈ ദാസനുനൽകിയാലും**" ( 1 രാജ 3:9). ഏതുജനനേതാവിനും ആവശ്യം ഉണ്ടാകേണ്ട ആത്മീയവരമാണ് വിവേകം (Prudence). തനി നാടൻ ഭാഷയിൽ വിവരം = വിശേഷണവരമായത് (Gift of prudence in a sublime way). തുടർന്ന്, ദൈവത്തിന്റെ അരുളപ്പാട്: "ദീർഘായുസ്സോ സമ്പത്തോ ശത്രുസംഹാരമോ നീ ആവശ്യപ്പെടാതെ നീതിനിർവ്വഹണത്തിനു വേണ്ട വിവേകം മാത്രമാണ് നീ ആവശ്യപ്പെട്ടത്. നിന്റെ അപേക്ഷ

ഞാൻ സ്വീകരിച്ചിരിക്കുന്നു. ജ്ഞാനവും വിവേകവും ഞാൻ നിനക്കു തരുന്നു. ഇക്കാര്യത്തിൽ നിനക്കുതുല്യനായി ആരും ഉണ്ടായിട്ടില്ല, ഇനി ഉണ്ടാവുകയുമില്ല''(1 രാജ 3:10-12).

സോളമൻ ആവശ്യപ്പെട്ടത്, ബൈബിളിന്റെ മൂലപരിഭാഷ വെച്ചു നോക്കുമ്പോൾ, ഇങ്ങനെ പറയാനാവും - "Give me Lord, a listening heart" "കർത്താവേ, ശ്രവണഗുണമുള്ള ഒരു ഹൃദയം തരേണമേ."ലേബ് (Lebh) = ഹൃദയം(Heart); ഷൊമെയാ (Shomea) = (Listening); ലേബ് ഷൊമെയാ = ശ്രവിക്കുന്ന ഹൃദയം.

ഹൃദയത്തിന്റെ ഭാവങ്ങൾ - വിജ്ഞാനം വികാരം, വിവേചനം, സുതാര്യത, ലോലത... എന്നിവയാണ്.

മനുഷ്യന്റെ ബാഹ്യമായ അഞ്ചുഇന്ദ്രിയങ്ങളും - കണ്ണ് (ദർശനം), കാത് (ശ്രവണം), മൂക്ക് (ഘ്രാണനം), ത്വക്ക് (സ്പർശനം), നാവ് (രസനം) ഹൃദയവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ തന്നെ, അനുകൂലവും പ്രതികൂലവുമായ എല്ലാവികാരങ്ങളും ഹൃദയത്തിൽ കേന്ദ്രീകൃതമാണ്. നാവൊഴികെ മറ്റു നാലു ഇന്ദ്രിയങ്ങളും ജോഡിയായിട്ടാണ് പ്രവർത്തിക്കുക. രണ്ടുകാതുകളും ചേർത്തുവച്ചാൽ ഹൃദയത്തിന്റെ രൂപത്തിലാകും! ഇതിൽനിന്ന് ന്യായമായും നമുക്കൊരു നിഗമനത്തിലെത്താം - നേതൃത്വഗുണങ്ങളിൽ ഏറ്റം പ്രാധാന്യമർഹിക്കുന്നത് കേൾവി (ശ്രവണം) തന്നെ! **പ്രാർത്ഥനയിൽ ദൈവത്തെ കേൾക്കാനും, കൂട്ടായ്മയിലെ സഹജീവികളെ ശ്രവിക്കാനും മുൻഗണനകൊടുക്കണം. അതുതന്നെ സോളമന്റെ പ്രാർത്ഥനയിൽ തെളിഞ്ഞുനിൽക്കുന്ന കാര്യവും. "കർത്താവേ, ശ്രവണഗുണമുള്ള ഒരു ഹൃദയം തരണമേ!"**

**യേശുവിന്റെ നേതൃത്വശൈലി :** സമാനതയില്ലാത്ത നേതൃത്വശൈലിയാണ് യേശുവിന്റേത്. ആ മരണം പിതാവിന് പൂർണ്ണമായും വിധേയപ്പെട്ടതായിരുന്നു. അത്, ശിഷ്യരുടെ പാദക്ഷാളനംവരെ സ്വയം താഴ്ത്തിയതുമായിരുന്നു. പാപമോചനത്തിനും രക്ഷയ്ക്കുമായി സ്വശരീരരക്തങ്ങൾ പകുത്തും പകർന്നും നൽകി. യുഗാന്തം

വരെ മനുഷ്യരോടുകൂടി വസിക്കാൻ വേണ്ടി തന്റെ തന്നെ പരിശുദ്ധാത്മാവിനെ അവിടുന്ന് പ്രദാനം ചെയ്തു.

മനുഷ്യന് സത്യവും ജീവനും വഴിയുമായിത്തീർന്ന അവിടുന്ന്, തന്നെ അറസ്റ്റുചെയ്യാൻ വന്ന പടയാളികളിൽ നിന്ന് തന്റെ ശിഷ്യന്മാരെ സുരക്ഷിതരാക്കാൻ അഭ്യർത്ഥിക്കുന്ന രംഗവും ഏറെ ഹൃദയസ്പർശിയാണ് (യോഹ 18:8,9). സ്വജീവൻ വെടിയുന്ന വേളയിലും അനുയായികളുടെ സംരക്ഷണം സ്വന്തം അമ്മയെ ഏല്പിക്കുന്നതും ശ്രദ്ധേയം തന്നെ! (യോഹ 19:26,27). **ചുരുക്കത്തിൽ, അഴിഞ്ഞുതീരുന്ന നേതൃത്വവും പുതുജീവനായിത്തീരുന്ന നേതൃത്വവുമാണവിടത്തേതെന്ന് യേശു പഠിപ്പിക്കുകയും മാതൃകയായിത്തീരുകയും ചെയ്തു.** (യോഹ 12:24).

നേതൃത്വം ശുശ്രൂഷയാണെന്ന് അവിടുന്ന് അദ്ധ്യവസാനം ചെയ്തു. അപ്പസ്തോലനായ യാക്കോബിന്റെയും, യോഹന്നാന്റെയും സ്ഥാനം (Position) സംബന്ധിച്ച ചോദ്യവേളയിലാണ് യേശു ഇക്കാര്യം പഠിപ്പിച്ചത് (മർക്കോ 10:35-45), (മത്താ 20:20-28). ലൗകിക രീതിയിലെ അധികാരം ശക്തിയേയും (Power) ആയുധത്തേയും (weapon) പണത്തേയും (Money) ആശ്രയിച്ചിരിക്കും. അനുയായികളുടെ മേൽ ആധിപത്യം സ്ഥാപിക്കലാണ് ഇതിന്റെ രീതി. എന്നാൽ യേശുവിഭാവനം ചെയ്യുന്നത് തീർത്തും ശുശ്രൂഷയാണ്. വീണ്ടും അത് യേശുവിന്റെ സഹനത്തിൽ പങ്കുവഹിക്കുന്നതും പിതാവിന്റെ തെരെഞ്ഞെടുപ്പിന് വിധേയപ്പെടുന്നതുമാണ്. തന്മൂലമത്രേ മനുഷ്യരക്ഷ സാധ്യമാകുന്നത്.

**പൊളൈൻ ചിന്തകൾ :** നേതൃത്വ ശുശ്രൂഷ സംന്ബന്ധിച്ച വി. പൗലോസിന്റെ ചിന്തകൾ നമ്മുടെ സവിശേഷമായ ശ്രദ്ധ അർഹിക്കുന്നു. തീർത്തും ക്രിസ്തുകേന്ദ്രീകൃതമായ ഒരാത്മീയ നേതൃത്വമായിരുന്നു വിശുദ്ധന്റേത്. 'പൗലോസിന്റെ ഹൃദയം ക്രിസ്തുവിന്റെ ഹൃദയം' (കോർ പാവുളി, കോർ ക്രിസ്തി) എന്നുപറയാറുണ്ട്. അത്ര മാത്രം താദാത്മ്യം ക്രിസ്തുവുമായിട്ട് പൗലോസിന് ഉണ്ടായിരുന്നു. "എന്നെ ശക്തനാക്കുന്നവനിൽ എനിക്ക് എല്ലാം സാധ്യമാണ്"

(ഫിലി 4:13) എന്നും, തന്റെ ആശ്രയം മുഴുവൻ അവിടന്നിലാണെന്നുമുള്ള വിശുദ്ധന്റെ പ്രസ്താവം തന്റെ ജീവിതത്തിന്റെ അർത്ഥവും ആഴവും സ്ഥിരീകരിക്കുന്നു. "വചനത്താലോ, പ്രവർത്തിയാലോ ചെയ്യുന്നതെല്ലാം യേശുവിന്റെ നാമത്തിലാകണമെന്ന് പ്രബോധിപ്പിക്കുന്ന ശ്ലീഹാ (കൊളോ 3:17) തന്റെ ജീവിതാദർശത്തെ എടുത്തുകാട്ടുന്നു. അതുപോലെതന്നെ, താൻ ആരെയാണ് വിശ്വസിക്കുന്നതെന്ന് തനിക്കറിയാമെന്ന പ്രസ്താവനയും ക്രിസ്തുകേന്ദ്രീകൃതമായ ജീവിതത്തിന്റെ തനിമ വ്യക്തമാക്കുന്നു. ( 2 തിമോ 1:12)

**അഴിഞ്ഞുതീരുന്ന നേതൃത്വം :** "ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് തനിയെ ഇരിക്കുന്നു. അത് അഴിയുന്നെങ്കിലോ വളരെ ഫലം നൽകുന്നു" (യോഹ 12:24) എന്ന പ്രസ്താവം യാഥാർത്ഥ്യമാക്കിയവനാണ് ക്രിസ്തു. അവിടുന്ന് പരസ്യമായി പ്രശംസിച്ച സ്നാപകയോഹന്നാൻ ക്രിസ്തു കേന്ദ്രീകൃതമായ നേതൃത്വത്തിന്റെ വലിയൊരു മാതൃകയാണ്. അദ്ദേഹം പറഞ്ഞത് "അവൻ വളരുകയും ഞാൻ കുറയുകയും ചെയ്യണം" (യോഹ 3:30).

ക്രിസ്തീയ നേതൃത്വം അടിസ്ഥാനപരമായി ശുശ്രൂഷയാണെന്നാണ് ഗുരു പഠിപ്പിച്ചത്. അത് വിവിധ തലങ്ങളിൽ പ്രകാശിതമാക്കാനും, യേശുവിന്റെ ശരീരമാകുന്ന സഭയെ പണിതുയർത്തുവാൻ വേണ്ടിയാണ് വിവിധവരങ്ങൾ നല്കപ്പെടുന്നതെന്നും വി. ശ്ലീഹാ എഫേസ്യർക്കുള്ള ലേഖനത്തിൽ എടുത്തുക്കാട്ടുന്നു. അവൻ ചിലർക്ക് അപ്പസ്തോലന്മാരും പ്രവാചകന്മാരും സുവിശേഷപ്രഘോഷകന്മാരും ഇടയന്മാരും പ്രബോധകന്മാരും മറ്റും ആകാൻ വരം നൽകി (എഫേ 4:11-12).

യേശുവിനെ രക്ഷകനും നാഥനുമായി സ്വന്തം ഹൃദയത്തിൽ വാഴിക്കുന്നവനാണ് യഥാർത്ഥ ക്രിസ്തുശിഷ്യനും ക്രിസ്തീയ നേതാവും. 'അങ്ങനെയുള്ളവർക്ക് ' ദൈവസ്നേഹത്തിന്റെ നീളവും വീതിയും ഉയരവും ആഴവും ഗ്രഹിക്കാനുള്ള ശക്തി ലഭിക്കുന്നു (എഫേ 3:17;18). ആത്യന്തികമായി സെന്റ് പോളിന്റെ ആത്മസംതൃപ്തി ക്രിസ്തുവിനോടുകൂടി ക്രൂശിതനാകുന്നതിലാണെന്നും ഇനി

മുതൽ താനല്ല ജീവിക്കുന്നത്, ക്രിസ്തു തന്നിൽ ജീവിക്കുന്നുവെന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചു (ഗലാ 2:20).

സെന്റ് പോൾ തന്റെ അനുയായികളെയും സഹപ്രവർത്തകരെയും തന്നോടൊപ്പം പരിഗണിക്കുന്ന ശൈലിയാണ് അവലംബിച്ചത്. ഇതാകട്ടെ, തന്റെ ഗുരുവിൽ നിന്ന് നേരിട്ടു പഠിച്ചതും! യേശു താൻ തെരഞ്ഞെടുത്ത് കൂടെയിരുത്തി കാണിച്ചുകൊടുത്ത് പരിശീലനം നൽകിയ ശിഷ്യന്മാരോട് പറഞ്ഞത് ''ഇനിമേൽ ഞാൻ നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല... ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നുവിളിച്ചു'' ( യോഹ 15:15).

വിശുദ്ധൻ തന്റെ ശിഷ്യന്മാരെക്കുറിച്ച് പരാമർശിക്കുമ്പോഴൊക്കെ 'സഹപ്രവർത്തകൻ' 'സഹയോധാവ്' 'സഹോദരൻ' എന്നെല്ലാമാണ് പറയുക. ക്ലമന്റ്, തിമോത്തി, റ്റൈറ്റസ്, ഫിലെമോൻ, എപ്പഫ്രോദിത്തോസ് എന്നിങ്ങനെ പലരുമുണ്ട് ആ ലിസ്റ്റിൽ. ഇവരിൽ ക്ലമന്റ് പിൽക്കാലത്ത് മെത്രാനും വിശുദ്ധ പത്രോസിനുശേഷം മാർപ്പാപ്പയുമായി നിയമിതനായി. തീരെ ചെറുപ്പമായിരുന്ന തിമോത്തിക്ക് ശ്ലീഹാ തന്നെയാണ് ജ്ഞാനസ്നാനം നൽകിയതും, പിന്നീട് പൗരോഹിത്യവും മെത്രാൻ പദവിയും നൽകി സഭാനേതൃത്വത്തിലേക്ക് ഉയർത്തിയതും. ഈ ശിഷ്യനോടുള്ള വാത്സല്യാതിരേകത്താൽ ''മകനെ''യെന്നാണ് വിശുദ്ധൻ സംബോധന ചെയ്തിരുന്നത്. ഈ സഹപ്രവർത്തകരുടെയെല്ലാം ശാരീരിക സ്ഥിതി, ആത്മരക്ഷ, ശത്രുക്കളിൽ നിന്നുള്ള സംരക്ഷണം എന്നിവയിലും അദ്ദേഹം ശ്രദ്ധാലുവുമായിരുന്നു (ഫിലി 2:19 - 23, 25-30). തീർത്തും കരുണാർദ്രമായ നേതൃത്വശുശ്രൂഷയുടെ ഉദാത്തമായ മാതൃകയാണ് സെന്റ് പോൾ.

ഇന്ന് ലോകത്ത് നമുക്ക് ചുറ്റും കാണുന്നത് ഇപ്പറഞ്ഞതിനൊക്കെ കടകവിരുദ്ധമാണ്, തന്റെ താത്പര്യത്തിനോത്ത് അനുയായികളെ വലിച്ചുകൊണ്ടുപോകുന്ന രീതിയുണ്ട്;ഉന്തിത്തള്ളികൊണ്ടുപോകുന്ന രീതിയുമുണ്ട്. വീണ്ടും അടിച്ചമർത്തി അടക്കി ഭരിക്കുന്ന രീതിയുമുണ്ട്. തനിക്കുമുകളിൽ ആരും ഉയരാൻ

അനുവദിക്കാത്ത രീതിയാണിത്. യാതൊരുവിധ അഭിപ്രായ സ്വാതന്ത്ര്യവുമില്ലവിടെ! വിദേശരാജ്യങ്ങളിൽ, പ്രത്യേകിച്ച് റക്ഷ്യയിലും ചൈനയിലും അമ്പേ പരാജയപ്പെട്ട് തറപ്പറ്റിയ പ്രത്യായശാസ്ത്രമാണിത്. ഹിറ്റ്ലറിന്റെയും മുസ്സോളിനിയുടെയും ഏകാധിപത്യ ഭരണരീതികളും ലോകം കണ്ടതാണ്. പിന്നെ ഇഡിഅമീൻ പോലുള്ള ഉഗാണ്ടൻ ഭരണനേതൃത്വത്തിന്റെ കാടത്തവും നമുക്കു മുമ്പിലുണ്ട്. ഇതിന്റെയെല്ലാം അവശിഷ്ടങ്ങൾ സമർപ്പിത ജീവിതത്തിൽ കണ്ടുപോയാൽ അത്ഭുതപ്പെട്ടിട്ടാവശ്യമില്ല!

**നേതൃത്വവഴിയിലൂടെ...**
**പൊളൈൻ മാർഗ്ഗരേഖകൾ**

സെന്റ്പോളിന്റെ ശിഷ്യന്മാരായ തിമോത്തിയോസിനും തീത്തോസിനും എഴുതിയ ലേഖനങ്ങളിൽ പ്രതിപാദിക്കുന്ന നേതൃത്വസംബന്ധിയായ പരാമർശങ്ങൾ ഏടുത്തുകാട്ടുകയാണിവിടെ. മെത്രാൻ പദവി, സഭാ പ്രമാണി, എൽഡർ അഥവാ 'മൂപ്പൻ' എന്നീ പദങ്ങളാണ് അദ്ദേഹം ഉപയോഗിക്കുക (1 തിമോ 3:1-7, 2 തിമോ 2:4-4) തീത്തോ 1:6,9 ).

മെത്രാൻ പദവി ഉത്കൃഷ്ടമായ ഒരു ജോലിയാണെന്നും ആക്ഷേപത്തിനതീതമായ രീതിയിൽ അത് നിർവ്വഹിക്കണമെന്നും അദ്ദേഹം അനുശാസിക്കുന്നു. ജീവിതാവസ്ഥയിൽ വിശ്വസ്തതയും സംയമനവും പാലിക്കേണ്ടതാണ്. വിവേകവും മാന്യതയും ആതിഥ്യമര്യാദയും കാത്തുകൊള്ളണം. ശാന്തശീലം കൈവെടിയാതെ, യോഗ്യമായ പ്രബോധകനായും വർത്തിക്കണം. കുറ്റമറ്റ രീതിയിൽ കുടുംബകാര്യങ്ങൾ നടത്തണം; മക്കളെ അനുസരണത്തിലും വിധേയത്വത്തിലും വളർത്തുന്നതിൽ ശ്രദ്ധിക്കണം. എല്ലാക്കാര്യത്തിലും പൊതുജനസമ്മതിയും ആദരവും ആർജ്ജിക്കണം.

ഇവ കൂടാതെ, പ്രത്യേകം ശ്രദ്ധിക്കാൻ അദ്ദേഹം ആവശ്യപ്പെടുന്നത്, **നേതൃസ്ഥാനി മദ്യപാനിയാവരുത്; അക്രമാസക്തി പാടില്ല. കലഹപ്രിയനാവരുത്; ദ്രവ്യാഗ്രഹം വെടിയണം; ഒരു പ്രകാരത്തിലും പൈശാചികതയ്ക്ക്/ തിന്മയ്ക്ക് വശംവദനാകരുത്; നേതൃസ്ഥാനത്തു വരുന്നയാൾ പുതുതായി വിശ്വാസം**

**സ്വീകരിച്ചയാൾ ആയിരിക്കരുത്; അത് ഒരു പക്ഷേ, അഹങ്കാരത്തിന് ഇടയാക്കുമത്രേ!**

വിശുദ്ധ ശ്ലീഹാ തുടരുന്നു - സഭാ പ്രമാണി കർത്താവിന്റെ വിശ്വസ്തനായ പടയാളിയെപ്പോലെ നിരന്തരം ജാഗ്രത പുലർത്തണം. കായികാഭ്യാസിയെപ്പോലെ നിരന്തരം പരിശീലനത്തിൽ വ്യാപൃതനാവണം (ആനുകാലിക പഠനംവേണം). നിരന്തര പരിശ്രമം ഒഴിച്ചുകൂടാനാവാത്തതാണ്. വീണ്ടും സമർത്ഥനായ കർഷകനെപ്പോലെ അത്യദ്ധ്വാനിയാകണം... അപ്പോഴേ നേതൃത്വ ശുശ്രൂഷ വിജയകരമാവൂ. വിളിച്ചവന്റെ മുമ്പാകെ വിശ്വസ്തനായിരിക്കാനാവൂ!

തീത്തോസിനുള്ള ഉപദേശത്തിൽ കുറേക്കൂടി ശക്തമായ താക്കീതുകളും നിർദ്ദേശങ്ങളുമുണ്ട്. അധികാരി അഹങ്കാരിയുമാവരുത്; കലഹപ്രിയനാവരുത്; സമചിത്തനും ധാർമ്മികനും പുണ്യമുള്ളവനും,വിശ്വാസപഠനത്തിൽ പരിശീലനംനൽകാൻ കഴിവുറ്റവനുമായിരിക്കണം. സത്യത്തെ മുറുകെ പിടിക്കണം; അർത്ഥശൂന്യമായി സംസാരിക്കരുത്; മറ്റുള്ളവരുടെ കാര്യത്തിൽ അനാവശ്യമായി ഇടപെടരുത്. കുടുംബാംഗങ്ങൾ വിശ്വാസമുള്ളവരായിരിക്കണം.

**സൂക്ഷിക്കുക, ഇന്ന് വചനബദ്ധവും ആത്മീയവുമായ ബന്ധങ്ങളിൽ നിന്നകന്ന്, തീർത്തും ലൗകികവും താത്കാലികവുമായ കാര്യസാധ്യതയ്ക്കായി ഒത്തുതീർപ്പിൽ കുരുങ്ങിപ്പോകുന്ന നേതൃത്വശൈലിക്ക് ആക്കംക്കൂടി വരികയാണെന്ന സത്യം സമ്മതിക്കണം!**

**ചലനാത്മകമായ കൂട്ടായ്മയ്ക്ക് ആവശ്യമായ ഘടകങ്ങൾ**

എട്ട് കാര്യങ്ങളാണ് ഇവിടെ സൂചിപ്പിക്കുക

**1) <u>Sense of Belonging :</u>** കൂട്ടായ്മയിലെ ഓരോ വ്യക്തിയും അതിന്റെ ഭാഗമാണെന്നും (Part) പൂർണ്ണമായ ഭാഗഭാഗിത്വം (Participation) അയാൾക്കുണ്ടെന്നും ഉള്ള അനുഭവമാണിത്. ഇത് ഒരു പ്രകാരത്തിലും നിസ്സാരവത്കരിക്കാനോ അവഗണിക്കാനോ

ആർക്കും അവകാശമില്ല. ഭാഗഭാഗിത്വമുണ്ടായാലേ സഹകരണം (Co-operation) ഉണ്ടാവൂ. വ്യക്തികൾ എത്രമാത്രം വ്യത്യസ്ത ( വിരുദ്ധ) സ്വഭാവക്കാരായിരുന്നാലും അവരെ വിശ്വാസത്തിൽ എടുത്താൽ സഹകരണമുണ്ടാകും, തീർച്ച. മറിച്ചായാൽ, കാര്യം കാണാൻ മാത്രം സഹകരിപ്പിക്കുകയും, മറ്റുപല കാര്യങ്ങളിലും അകറ്റിനിർത്തുകയും ചെയ്താൽ, എതിർപ്പും മുറുമുറുപ്പും ഉണ്ടാവുക സ്വാഭാവികമായിരിക്കും. ചില 'മേലാളന്മാർ' ചുരുക്കം ചിലരെ പാർശ്വവർത്തികളാക്കി മാറ്റിനിർത്തും. അവരോടുമാത്രം കാര്യങ്ങൾ ധരിപ്പിക്കും. രഹസ്യങ്ങൾ കൈമാറും! ഈ സ്ഥിതിയിൽ ഭൂരിപക്ഷംപേരും പ്രതിപക്ഷത്തിലാകും! അവർ പിന്നെ, മേലാളന്റെ ഏതു നീക്കങ്ങളെയും ചെറുത്തു തോൽപിക്കാൻ ശ്രമിക്കും. ഒളിഞ്ഞും തെളിഞ്ഞും ശീതസമരമുറകൾ പയറ്റും!

മേലധികാരിക്കും, വ്യത്യസ്ത ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നവർക്കും അതാതിന്റേതായ കൃത്യനിർവ്വഹണ സ്വാതന്ത്ര്യം (Functional Freedom) ഉണ്ടായിരിക്കണം. എങ്കിലേ കൂട്ടായ്മചങ്ങലയിലെ കണ്ണിയടുപ്പം നിലനിൽക്കു...

2) **<u>Sense of Sharing :</u>** പങ്കുവയ്ക്കുന്ന അനുഭവമാണിത്. ഓരോ വ്യക്തിയുടെയും ആത്മീയവും ഭൗതികവുമായ കഴിവുകൾ ഓരോരുത്തർക്കും പങ്കുപറ്റാനാവുന്ന അവസ്ഥയാണിത്. ഇവിടെ ആരും സ്വാർത്ഥമതികളോ തൻകാര്യമന്വേഷിക്കുന്നവരോ ആവുന്നില്ല. ആദിമക്രൈസ്തവ ശൈലി തന്നെ ആദർശം. "ആരും ഒന്നും സ്വന്തമെന്ന് കരുതിയില്ല. തങ്ങൾക്കുമുണ്ടായിരുന്നതെല്ലാം പൊതുവായി കരുതി" (അപ്പ 2 :44-45). ഈ സമാനത ആരിലും സംതൃപ്തി ജനിപ്പിക്കും. എന്നാൽ പ്രായം, രോഗം, ഔദ്യോഗിക കാര്യങ്ങൾ എന്നീ കാരണങ്ങളാൽ ആരെങ്കിലും ഏതെങ്കിലും ആനുകുല്യങ്ങൾ അനുഭവിക്കുന്നതിൽ ആർക്കും അസ്വസ്തത ഉണ്ടാകുന്നുമില്ല!

ആത്മീയവും വൈകാരികവുമായ പങ്കുവെയ്ക്കലുകളും വ്യക്തിവികാസത്തിനും സാമൂഹികവളർച്ചയക്കും അനിവാര്യമാണ്. മാനസികസുതാര്യതയും തുറവിയും ഇതിനാവശ്യമാണ്. ആത്മവിശ്വാസം തോന്നുന്ന വ്യക്തികളോടുമാത്രമേ ഇവ്വിധം പങ്കുവെയ്ക്കാൻ സാധിക്കൂ. ഒപ്പം ആത്മീയമായൊരു പശ്ചാത്തലവും പക്വതയും ആവ

ശ്യമാണ്.

നാട്ടിൻപുറങ്ങളിലെ ചായക്കടകളിലിരുന്ന് പത്രം വായിച്ച് രാഷ്ട്രീയം ഷെയർചെയ്യുന്ന രീതിയല്ല ഇവിടെ വിവക്ഷ, മറിച്ച് വൈകാരികവും ആത്മിയവുമായി വളർച്ച വന്ന മനുഷ്യന്റെ ഹൃദയം തുറന്നുള്ള പങ്കുവയ്ക്കലാണ്, മന:ശാസ്ത്രത്തിന്റെ പദമുപയോഗിച്ചുപറഞ്ഞാൽ 'ഗട്ട്' ലെവലിലുള്ള സംഭാഷണശൈലിയെന്ന് സാരം. ഹൃദയം ഹൃദയത്തോട് സംസാരിക്കുന്ന രീതി.‘ ഇന്നർ സെൽഫ് റിവീലിംഗ്' - ആന്തരിക വ്യക്തിത്വം - തുറന്നുസംസാരിക്കുന്ന രീതി. ഇത് സൗഖ്യദായകമാണ്. ഉദാഹരണത്തിന്, ദൈവം മനുഷ്യൻ ഇടപെടലുകളിൽ, ദൈവം-മനുഷ്യനു തന്നെത്തന്നെ വെളിപ്പെടുത്തുമ്പോൾ അത് മനുഷ്യനെ സംബന്ധിച്ച് 'രക്ഷ'(Salvation) പ്രദാനം ചെയ്യലാണ്; അഥവാ സൗഖ്യദായകമായ അനുഭവമാണ് (Each moment of God's revelation to man is for the salvation of man) എങ്ങും തൊടാത്ത രീതിയിൽ, ആരെയും ബാധിക്കാത്ത മാതിരിയുള്ള പങ്കുവയ്ക്കൽ (Public Self revealing) ആർക്കും ഒരുപകാരവും ചെയ്യുകയില്ല. മറിച്ച് ദൈവത്തിന്റെ സാന്നിധ്യത്തിലെന്നവിധം സ്നേഹത്തോടും പരസ്പര വിശ്വാസത്തോടും കൂടി പങ്കുവച്ചാൽ സ്വർഗ്ഗീയമായ സ്നേഹവും സമാധാനവും സംജാതമാവും, തീർച്ച.

കമ്യൂണിക്കേഷൻ - കമ്യൂണിയൻ - കമ്യൂണിറ്റി
ഇതാണ് ശരിയായ ക്രമം

**3) <u>Sense of Listening :</u>** പരസ്പരം ശ്രവിക്കുന്ന അവസ്ഥ-കൂട്ടായ്മയിൽ കാതുകൊണ്ടുള്ള കേൾവിയല്ല പ്രധാനമായത്, മറിച്ച് ഹൃദയം കൊണ്ടുള്ള കേൾവിയാണ്. രാജാക്കളുടെ പുസ്തകത്തിൽ വിവരിക്കുന്ന സോളമന്റെ പ്രാർത്ഥന - "കർത്താവേ, ശ്രവണഗുണമുള്ള ഒരു ഹൃദയം തരേണമേ"- ഓരോ വ്യക്തിയുടെയും ആനന്ദത്തിന്റെയും ആകുലതകളുടെയും വാർത്തകൾ സഹാനുഭൂതിയോടെ കേൾക്കാനും, വേണ്ടിവന്നാൽ പ്രോത്സാഹിപ്പിക്കുകയോ ആശ്വസിപ്പിക്കുകയോ ചെയ്യാനും സാധിക്കണം. "എനിക്കെല്ലാം അറിയാം," "പറഞ്ഞതുകേട്ടാൽ മതി" എന്നീ പ്രസ്താവനയോടുകൂടിയ 'അധികാരി'യുടെ പ്രവർത്തനരീതി സമർപ്പിത ജീവിതത്തിലെ കൂട്ടാ

യ്മയക്ക് പാരതന്നെയാണ്. വിവാദവിഷയങ്ങളിൽ രംഗം കൂടുതൽ സങ്കീർണ്ണമാകാതിരിക്കാൻ പ്രാർത്ഥനയിൽ കർത്താവിനേ ശ്രവിക്കാനും, പരസ്പര സംഭാഷണത്തിൽ (Dialogue) സഹോദരങ്ങളെ ശ്രവിക്കാനും സാധിക്കണം. ചുരുക്കത്തിൽ, രണ്ടുപ്രകാരത്തിലുള്ള ശ്രവണം തിരശ്ചീനമായും (Vertical = ദൈവത്തെയും) സമാന്തരമായും (Horizontal = സഹോദരങ്ങളെയും) വേണം.

4) **<u>Sense of Caring</u>** : പരസ്പരം സംരക്ഷിക്കുന്ന, കരുതലുള്ള മനോഭാവം. ആദിയിൽ മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ച ദൈവം അവർ പരസ്പരം തുണയായും ഇണയായും കഴിയാൻ വേണ്ടിയായിരുന്നു. പക്ഷേ പാപം ചെയ്തപ്പോൾ അവഗണനയും തള്ളിപ്പറച്ചിലുമുണ്ടായി. ആദ്യസന്താനങ്ങളായ കായേനും ആബേലിനും ഇതേ ഗതിയുണ്ടായി. സഹോദരന്റെ കാവൽക്കാരനാണൊ താനെന്ന് ചോദിക്കാൻ മാത്രം ധിക്കാരവും അകൽച്ചയുമുണ്ടായി. സ്വാർത്ഥതയും ഭിന്നിപ്പും എല്ലാവിധത്തിലുള്ള നരകയാതനകൾക്കും നിദാനമായി; പരസ്പര സ്നേഹവും കരുതലുമുണ്ടെങ്കിൽ ഇവിടെ സ്വർഗ്ഗമാക്കാം. "നമുക്ക് നാമേ പണിവതു നാകം, നരകവുമതുപോലെ" എന്ന കവിവാക്യം ഓർക്കുക.

5) **<u>Sense of Bearing:</u>** പരസ്പരം വഹിക്കുന്ന അവസ്ഥ. കുടുംബജീവിതക്കാരെ സംബന്ധിച്ച് 'വിവാഹം' അർത്ഥവത്താണ്. വാക്കിന്റെ അർത്ഥം 'വിശേഷേണ വഹിക്കുന്നത്' എന്നാണ്. ഭാര്യ ഭർത്താവിനേയും, ഭർത്താവ് ഭാര്യയേയും വഹിക്കുക.

തന്നേക്കാൾ ഭാരമുള്ള വികലാംഗനായ സഹോദരനെ ചുമലിൽചുമന്നു കൊണ്ടുപോകുന്ന സഹോദരനോട് ദുർവഹമായ ഭാരത്തെക്കുറിച്ച് ചോദിച്ച സുഹൃത്തിനോട് സഹോദരൻ പറഞ്ഞത് 'ഞാനിത് ഭാരമായിട്ടല്ല ചുമക്കുന്നത് എന്റെ സഹോദരനായിട്ടാണ്' എന്നത്രേ!.. ശൈശവത്തിലെ തളർവാതം പിടിപ്പെട്ട് അവശനായ മകനെ തോളിലേറ്റി ബാലവാടിയിലെത്തിക്കുന്ന അമ്മയുടെ ഉത്തരവും മുമ്പുപറഞ്ഞതിന് സമാനമാണ്, "ഇതെന്റെ മോനാ "..!

ഈ വഹിക്കൽ ഒരു ധാരണം തന്നെയാണ്. അതായത് ഗർഭധാരണം പോലെ; അത് സന്തോഷത്തോടുകൂടിയാവണം. വസ്ത്ര

ധാരണം പോലെയാവരുത്. ഇടയ്ക്കിടെ മാറ്റാൻ പാടില്ല. സ്വന്തം ശരീരഭാഗമായിട്ടാണ് ഗർഭസ്ഥശിശുവിനെ അമ്മ ചുമക്കുന്നതും ഗർഭ ഭാരം വഹിക്കുന്നതും.

കൂട്ടായ്മയിലെ അംഗങ്ങൾ ആരേയും മുതലാക്കാൻ ഇട യാവരുത്. ഇത്തിക്കണ്ണിസ്വഭാവം വെടിയണം; പരാശ്രയം ബാലിശ മാണ്, അടിമത്തമാണ് (Dependent). അതേസമയം, എനിക്കാരുടേയും സഹായം വേണ്ടാ, എന്ന മട്ടിൽ തനിക്ക് താൻ പോന്നവർ എന്ന മട്ടിൽ കഴിയുന്നത് ശരിയല്ല (Independent). തീർത്തും നിരാശ്രയാ വസ്ഥ ക്രിസ്തീയമല്ല, നേരെമറിച്ച്, യേശു വിഭാവനം ചെയ്ത മുന്തിരിച്ചെടി ഉപമയിലെ ശാഖോപശാഖകളും തായ്ത്തണ്ടുമായു ള്ള ബന്ധം (യോഹ 15) പരസ്പരാശ്രിതമായ (Interdependent) അവസ്ഥയാണ് ശോഭനമായിട്ടുള്ളത്. ക്രൈസ്തവരാരും ഒറ്റപ്പെട്ട ദ്വീപല്ല, “A Lonely Christian is not a Christian -ഒറ്റപ്പെട്ട ക്രിസ്ത്യാനി ക്രിസ്ത്യാനിയേയല്ല.” പരസ്പരാശ്രിതമായ കൂട്ടായ്മയിലാണ് യഥാർത്ഥമായ ക്രിസ്തീയ സാക്ഷാത്കാരം പൂവണിയുക.

**6) <u>Sense of Praying</u> :** ക്രിസ്തീയ ആത്മീയതയുടെ അന്തസത്ത പ്രാർത്ഥനയാണ്. സഭാരംഭം പരിശുദ്ധാത്മനിറവിനായി കാത്തിരു ന്നത്, “ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരന്മാരോടുമൊപ്പം പ്രാർത്ഥന യിൽ മുഴുകിയിരുന്നു” (അപ്പ 1:14). അന്നാളിലെ ഏതു തീരുമാന ങ്ങളും നിയമനങ്ങളും പ്രേഷിതയാത്രകളുമെല്ലാം പ്രാർത്ഥനയുടെ പിൻബലത്തിലും അകമ്പടിയിലുമായിരുന്നു. വീടുകളിലും ദേവാല യത്തിലും കൂട്ടായ്മയുടെ അവിഭാജ്യഘടകമായിരുന്നു പ്രാർത്ഥന. പ്രാർത്ഥിക്കുക ഇഷ്ടമാണ് എന്നൊരു മനോഭാവം ഉണ്ടായാലേ പ്രാർത്ഥനയിൽ വളർച്ചയുണ്ടാവൂ.

പ്രാർത്ഥിക്കുന്ന മനുഷ്യരിൽനിന്ന് ഒരുതരം ആത്മീയ തരംഗം (Spiritual Vibration) പരിസരങ്ങളിലേക്ക് പ്രസരിക്കുന്ന അനു ഭവമുണ്ടാകും. ആശ്രമങ്ങളും ദേവാലയങ്ങളും ആവിധം ആത്മീയ തരംഗങ്ങൾ പ്രസരിക്കുന്ന ഇടങ്ങളാവണം. കത്തുന്ന മെഴുകതിരി കളുടെ ജ്വാലകളും സുഗന്ധപൂരിതമായ ധൂമപടലങ്ങളും ദേവാലയ ങ്ങളിൽ നിന്ന് ഉയരണം. പൗരസ്ത്യ പാരമ്പര്യമുള്ള ദേവാലയങ്ങ

ളിൽ ഇപ്പറഞ്ഞ കാര്യങ്ങൾ മാറ്റമില്ലാത്തവയാണ്. ദേവാലയത്തിലെ ലിഖിതങ്ങളും ചിത്രങ്ങളും അവയുടെ വർണ്ണങ്ങളും ശാന്തമായ അന്തരീക്ഷവുമെല്ലാം ഭക്തരുടെ പ്രാർത്ഥനാരൂപിയെ പ്രചോദിപ്പിക്കാൻ പര്യാപ്തമാണ്. കമ്പോളസംസ്ക്കാരവും വരുമാനം വർദ്ധിപ്പിക്കാനുള്ള ടെക്നിക്കുകളും ദേവാലയാന്തരീക്ഷത്തെ മലിനമാക്കാൻ ഇടയാവരുത്. ''എന്റെ പിതാവിന്റെ ഭവനം നിങ്ങൾ കച്ചവടസ്ഥലമാക്കരുത് '' (യോഹ 2:16). തിരുവചനാധിഷ്ഠിതമായ പ്രാർത്ഥനകളും പഠനങ്ങളും പരമാവധി പ്രോത്സാഹിപ്പിക്കണം.

7) **<u>Sense of Sacred :</u>** 'സെക്രഡ്', 'സെർക്കുലർ', എന്നിവ തമ്മിൽ തരഭേദമില്ലാത്ത ഒരവസ്ഥയിലാണ് ഇന്ന് മനുഷ്യൻ എന്നുതോന്നുന്നു. അഥവാ, ആത്മിയത ലൗകികതയുമായി ഒരുതരം ഒത്തുതീർപ്പിലായിക്കൊണ്ട് മുന്നോട്ട് നീങ്ങുന്ന രീതിയാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

മരുഭൂഅനുഭവത്തിൽ യേശു അഭിമുഖീകരിച്ച പരീക്ഷകൾക്കൊടുവിൽ, അവസാനത്തെ അടവ് എന്ന രീതിയിൽ പ്രലോഭകൻ അവതരിപ്പിച്ചത് ''നീ സ്രാഷ്ടാംഗം പ്രണമിച്ച് എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിനക്ക് ഞാൻ തരാം'' (മത്താ 4:9) ഇതൊരു 'കോമ്പ്രമയ്സ്' ആണ്. ദൈവവും പിശാചും തമ്മിൽ ഒത്തുതീർപ്പുണ്ടാക്കുക. ഏതാണ്ടതുപോലൊരു സ്ഥിതിയിലാണ് ഇന്നത്തെ മനുഷ്യൻ ആത്മീയതയെ അവഗണിച്ച് ലൗകികതയുമായി ഒത്തുതീർപ്പിലാകുന്നത്. ദൈവപ്രമാണങ്ങളിൽ അനുശാസിക്കുന്ന ദൈവത്തിനുള്ള പ്രാഥമ്യം വേറെ പലതിനും കൊടുക്കുന്ന രീതി ഏറിവരുന്നു. നന്മ തിന്മകളെ തിരിച്ചറിയാൻ ആവാത്തഗതികകേടിലാണ് മനുഷ്യൻ. പ്രാർത്ഥനാലയങ്ങളുടെ എണ്ണം ഏറിവരുന്നു. പ്രാർത്ഥനയുടെ ദൈർഘ്യവും ഏറുന്നുണ്ട്; പക്ഷെ പ്രാർത്ഥനയുടെ കാതലിന് കനം കൂടുന്നില്ല! അടയിരുന്ന് പ്രാർത്ഥിക്കാൻ മനുഷ്യന് സമയമില്ല; പ്രാർത്ഥനനേരത്തും മൊബൈലിലുള്ള ആശ്രയസമ്പർക്കം അവിരാമം തുടരുന്നു. അമേരിക്ക - ജർമ്മനി വിദൂരബന്ധങ്ങൾ കണക്ഷൻ വിട്ടുപോയാലോയെന്ന് ഭീതിയുള്ളവരുണ്ട്. ഈശ്വരോ രക്ഷതു! ദേവാലയ പരിസരത്തും, ആശ്രമാങ്കണത്തിലും തുപ്പുന്നതും കാർക്കിച്ച കഫ്ഠകാഷ്ടം നിക്ഷേപിക്കുന്നതും സെൻസ് ഓഫ്

സെക്രഡിന്റെ കരറവാണെന്ന് ഇനി ആരാ ഇക്കൂട്ടരെ പഠിപ്പിക്കുക? ഇപ്പറഞ്ഞ കാര്യങ്ങൾ ഖുമ്റാൻ നിയമാവലിയിൽ നിഷിദ്ധവും ശിക്ഷാർഹവുമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

**8) Sense of Celebration :** ക്രൈസ്തവ ജീവിതത്തെ പൊതുവേ ആഘോഷമായി കാണുക സമുചിതമാണ്. യേശുതന്നെയും, അവിടുത്തെ ജനനവും ജീവിതസന്ദേശവും (സുവിശേഷം = സദ്വാർത്ത) വളരെ ആനന്ദദായകമാണല്ലോ (ലൂക്ക 2:10). വ്യക്തികളുടെ പിറന്നാളും നാമഹേതുക തിരുനാളും ജൂബിലികളുമൊക്കെ ആഘോഷങ്ങളാക്കുക ആവശ്യമാണ്. ഇവനിമിത്തം വ്യക്തികൾക്കും സമൂഹത്തിനും നവോന്മേഷവും ആഹ്ലാദവും പരസ്പര ആദരവും വർദ്ധിക്കാൻ ഇടയാവുന്നു. വാർദ്ധക്യത്തിന്റെയും രോഗത്തിന്റെയും കെടുതികൾ മറക്കാനും, ആത്മാഭിമാനവും പരസ്പരസ്നേഹവും വളർത്താനും ഇതു സഹായകമാവും. ഇടവകതിരുനാളുകളും വിവാഹാഘോഷങ്ങളും ഈ വിധം ആത്മീയ നിറവിൽ നടത്തിയാൽ ആർക്കും മാതൃകാപരമായിരിക്കും. അനാവശ്യമായ ധൂർത്തും പേരെടുക്കാനുള്ള വ്യഗ്രതയും കടന്നുവന്നാൽ അപഹാസ്യവും പരാജയവുമായിരിക്കും. അങ്ങനെ സംഭവിക്കാതിരിക്കാൻ എല്ലാവർക്കും ശ്രദ്ധവേണം. ബഹ്യാഘോഷങ്ങൾ എപ്പോഴും ആത്മീയ നിറവിലായിരിക്കാൻ ശ്രദ്ധിക്കുന്നോടൊപ്പം, ആഘോഷങ്ങൾക്ക് ചെലവാക്കുന്ന തുകയുടെ ഒരംശം സാധുജന സേവനത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നീക്കിവെക്കാൻ എല്ലാവരും പ്രതിജ്ഞാബദ്ധരായിരിക്കണം. സന്താപസന്തോഷങ്ങൾ മാനസിക സന്തുലിതാവസ്ഥ നഷ്ടമാക്കാൻ ഇടയാവരുത്. വി. പൗലോസിന്റെ അനുശാസനം ഓർക്കുക. നിങ്ങൾ എപ്പോഴും കർത്താവിൽ സന്തോഷിക്കുവിൻ; ഞാൻ വീണ്ടും പറയുന്നു സന്തോഷിക്കുവിൻ (ഫിലി 4:4).

---

**കുറിപ്പ് :** ലേഖകൻ '' തിയോളജി ഓഫ് റിലിജിയസ് ലൈഫ്'' എന്ന വിഷയത്തിൽ ബൽജിയത്തെ ''ലൂമെൻ വിത്തെ'' ഇൻസ്റ്റിറ്റ്യൂട്ടിൽ ലൈസെൻഷ്യേറ്റ് പഠനം നടത്തിയയാളാണ്
(പത്രാധിപർ)

# Book Review



## A Reflection on '*Reflections on Qurbana*'




The book '*Reflections on Qurbana*' by Rev Fr. Thomas Srampickal, a biblical scholar, is a very valuable contribution to the study of St. Thomas Catholic Church's Qurbana. The speciality of this book is that it contains both biblical and theological reflections on the sacrifice of the altar in general and especially on the "Syro-Indian Qurbana" in the St. Thomas Christian tradition. This title suggested by the author instead of Syro-Malabar Qurbana is appreciable (p.3). The reflections in the book on the Holy Sacrifice are based on the foundations of Catholic liturgy namely, the Word of God in the New Testament and especially in St. John's gospel and the letter to the Hebrews, and the longstanding liturgical traditions in the Church. The frequent references to the word of God, enable the reader to go

deeper in to the meaning of the basic perspectives and the structure of our Qurbana. The book discusses all the important aspects of the Eucharistic celebration in our liturgy. It provides a deeper biblical explanation to the offertory service, epiclesis etc. and sheds light on several points that are often bones of contention in the discussions on Qurbana. The author argues that the question whether the priest should offer the Qurbana turning to the East or to the people and similar points of dispute should not be given undue importance. The importance must be given on "worshiping God in Spirit and in Truth" as the Johannine gospel advises (Jn.4:21-23) and on the unity of minds in love and mutual respect. Some better meaningful reformulations of certain prayers offered by the author, for example, the preparatory prayers before the reading of the word of God (p.51-52), the third Ghantha prayer (p.119-120) and fourth Ghantha prayer in the Eucharistic celebration, should be given proper consideration in the revising of the Qurbana text .

Fr. Thomas gives to the *Mar Thoma cross*, which is a matter of contest since long time in Syro-Malabar Church, a better explanation (p. 28). (But I do not agree to the author's opinion that it is an indianized cross and there is a symbol of lotus in the base of it. The exact meaning of a certain literary piece or a piece of art, could be given only by its author or maker. Others can give different explanations or meaning according to their vision which need not necessarily be what the producer intended. In the case of St. Thomas cross nobody knows who its designer is).

I do appreciate the author's view on concelebration (chapter 10). Some bishops and priests believe that the main celebrant alone have the priestly function in a concelebration and other priests in the concelebration are mere bystanders to see and hear what the main celebrant does and says. For example, when they request people's

prayer to offer the sacrifice they say "pray for me" which in no way express the collegiality of the priesthood, which is emphasised in the Vatican Second Documents like Presbyterorum Ordinis (no.8) and Sacrosanctum Concilium, (no. 57).

I think that this book will help the liturgical committee of Syro- Malabar Church in their attempt to renew the Syro-Malabar Qurbana with more biblical and theological reflections and meaningful prayers. I would like to end this reflection with the words of Mar Joseph Kollanparampil CMI, the bishop of Jagdalpur, in his forward: "This new book ... sheds light for the better understanding and meaningful celebration of the Holy Qurbana in our St. Thomas tradition. It inspires the readers for a deeper reflection over the liturgical practices and thereby towards better awareness and experience of liturgical celebration. Let this book help its readers to set right the basic orientation and focus of life in Christian spirituality, liturgy and prayer."

Fr. Joseph Kanjiramattam CMI

അനുസ്മൃതി - 45

# ചാവറപിതാവ് സമ്പൂർണസമർപ്പണത്തിന്റെ ആൾരൂപം

## (നവീകരണചിന്തകൾക്കൊരാമുഖം)

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

*സമ്പൂർണസമർപ്പണത്തിൽ മൂന്നു ഘടകങ്ങൾ ഉണ്ട് - ദൈവത്തിനുള്ള സമർപ്പണം, മനുഷ്യർക്കുള്ള സമർപ്പണം, ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വങ്ങളോടുള്ള സമർപ്പണം. വിശുദ്ധ ചാവറ പിതാവിന്റെ ജീവിതത്തിൽ ഈ സമർപ്പണം എങ്ങനെ പൂർത്തിയായി എന്ന് വിശദീകരണങ്ങൾ കൂടാതെയുള്ള ഓർമ്മപ്പെടുത്തലുകളാണ് അനുസ്മൃതിയിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. സഭ ഒന്നിച്ച് നവീകരണമുന്നേറ്റത്തിലൂടെ നീങ്ങുമ്പോൾ ഈ കുറിപ്പ് വിലയിരുത്തുവാൻ സഹായിക്കുമെന്ന പ്രതീക്ഷയോടെ ഞാനിവിടെ ആരംഭിക്കട്ടെ.*

ഒരാളുടെ സമർപ്പണം സമ്പൂർണമാകണമെങ്കിൽ മൂന്നു കാര്യങ്ങൾ പെടണം.

1. ദൈവത്തിനുള്ള സമർപ്പണം
2. മനുഷ്യർക്കുള്ള സമർപ്പണം
3. താൻ ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വത്തോടുള്ള സമർപ്പണം

## 1. ദൈവത്തിനുള്ള സമർപ്പണം

- പാപമുള്ള ഹൃദയത്തോടു ദൈവം യോജിക്കയില്ല എന്ന തിരിച്ചറിവ്

❖ചാവറപിതാവ് പാപരാഹിത്യത്തിനുള്ള ആൾരൂപം എന്നതിനു തെളിവ്

• മാമ്മോദീസായിൽ ലഭിച്ച വരപ്രസാദം മരണം വരെ

• മരണത്തോടടുത്തപ്പോൾ ആത്മീയതയിലേക്കുമാത്രം തിരിഞ്ഞു. മുറിയുടെ വാതിൽക്കൽ ബോർഡ്.

• പരാതികൂടാതെയുള്ള സഹനം- രോഗാവസ്ഥകളിൽ പോലും

❖ദൈവതിരുമനസ്സിനുള്ള സമ്പൂർണസമർപ്പണം

• ദൈവം ചെയ്യിച്ചതൊക്കെയും എന്റെ കഴിവൊ, ഇത്രയും നീ വന്ന തെങ്ങനെ... അപ്പഴോ തിരുമനസ്സ് നടക്കും, നടത്തും. (ധ്യാന സല്ലാപം 13)

• ചാവറപിതാവിനെ സ്ഥാപകൻ എന്നു നാം വിളിക്കുന്നു... എന്നാൽ അദ്ദേഹം: നമ്മുടെ എളിമപ്പെട്ടകൂട്ടം മനു ഷ്യര് ഉണ്ടാക്കിയ തല്ല. പിന്നെയോ തമ്പുരാൻ എത്രയോ പുതുമകളാൽ ഉണ്ടാക്കി എന്നു സമർത്ഥിക്കുന്നു. (കത്തുകൾ - 90)

❖ചാവറപിതാവ് ദൈവത്തലാശ്രയിച്ചിരുന്നു എന്നതിനു തെളിവ്

• തന്റെ പ്രാർത്ഥനാജീവിതം തന്നെ - നീണ്ട മണിക്കൂറുകൾ സക്രാരി യുടെ മുമ്പിൽ

• പ്രസിനുവേണ്ടി കടലാസും മഷിയും - കൂലി കൊടുക്കാൻ ദേവാ ലയത്തിൽ - നെല്ലിപ്പുഴ ഇട്ടി. (നാളാ. 45)

• ഭക്താഭ്യാസങ്ങളിൽ ഒരു നോവിസിനെപ്പോലെ (മഞ്ഞുമ്മൽ ലൂയിസ്)

• പ്രാർത്ഥനയുടെ നാലാം പദവിയിലെങ്കിലും എത്താൻ ആഗ്രഹി ക്കുന്നവൻ (കത്തുകൾ. 117) - മുറിയിൽ എക്സ്റ്റസിയിൽ

❖ദൈവവചനാധിഷ്ഠിതമായ ജീവിതമാണ് മറ്റൊരു തെളിവ്

• വ്യക്തിപരമായി ഒരു ബൈബിൾ കോപ്പി അദ്ദേഹത്തിനുണ്ടായി രുന്നോ എന്നു സംശയം

• മലയാളം ബൈബിൾ വിവർത്തനം അദ്ദേഹത്തിന്റെ കാലത്ത് നാട്ടിൽ ഉണ്ടായിട്ടില്ല.

• പഴയനിയമവും പുതിയനിയമവും സമൃദ്ധമായി അദ്ദേഹം ഉപയോ

ഗിക്കണമെങ്കിൽ?

• പരിശുദ്ധകുർബാന പോലെ തന്നെ ദൈവവചനവും അദ്ദേഹത്തിന് ഭക്ഷണവും പാനീയവും ജീവനും ആശ്രയവും (ആത്മാനുതാപം 10)

❖ കൂദാശാജീവിതം

• 8 ദിവസം കൂടുമ്പോൾ കുമ്പസാരിച്ചിരുന്നു എന്നതിനു സൂചന - (ധ്യാനസല്ലാപങ്ങൾ - 62)

• തന്നെക്കാൾ 31 വയസു കുറവുള്ള ലയോപ്പോൾദച്ചൻ കുമ്പസാരക്കാരനും കൂടിയായിരുന്നു.

• മരിക്കുന്നതിനു തൊട്ടുമുമ്പ് കുമ്പസാരവും ഒപ്രൂശുമായും ചോദിച്ചുവാങ്ങുന്നു. (വലേരിയൻ 317-319)

## 2. മനുഷ്യർക്കുള്ള സമർപ്പണം

• ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നാരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ കള്ളം പറയുന്നു. കാരണം, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കുകയില്ല. (1 യോഹ 4:20)

• ചാവറപിതാവിന്റെ ബോദ്ധ്യം - "അന്യന്മാർക്ക് വല്ല ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല" (കത്തുകൾ 142)

❖ രോഗികളോടുള്ള സമീപനം

• തളർന്നുപോയ നെല്ലിശ്ശേരി തോമ്മായുടെ മുറിയിൽ (നാളാ. 83, 84)

• വസൂരി ദീനക്കാരനെ കാണാൻ മുടക്കിയപ്പോൾ - "ഇതെന്റെ കടം തമ്പുരാൻ എന്നെ സഹായിക്കും." കൂദാശകൾ നൽകി നന്മരണത്തിന് ഒരുക്കി (സ്ഥാപ. പേജ് 31,32)

• വല്യാറ യാക്കോബിന്റെ രോഗീപരിചരണവും വസൂരിദീനവും മരണവും (കത്തുകൾ 160,161)

❖പാവങ്ങൾ

• നന്മരണസഖ്യം ഉണ്ടാക്കുവാൻ കൈനകരിക്കാർക്ക് നിർദ്ദേശം (കത്തുകൾ 153-163)

• മനുഷ്യൻ ചെയ്യുന്ന സഹായങ്ങളിൽ ഏറ്റം വലിയ സഹായം മരണസമയത്തു ചെയ്യുന്ന സഹായമത്രെ.
(കത്തുകൾ. 154)

• മലയാളത്തെ ഒന്നാമത്തെ ഉപവിശാല - "രോഗീപരിചരണം മനുഷ്യർക്ക് ഏറ്റവും അറപ്പുള്ളതും വെറുപ്പുള്ളതും ലോകത്തിൻ മുമ്പിൽ ഹീനമായി ചിന്തിക്കുന്നതും ദൈവതിരുമുമ്പിൽ വലിയ ഫലമുള്ളതും"
(കത്തുകൾ 158, 159)

❖ശത്രുസ്നേഹത്തിന്റെ അടയാളം

• തന്നെ കോടതികേറ്റിയ മുട്ടുചിറ മാഞ്ഞൂരു കളപ്പുരക്കൽ മാത്തനോട് കരുണ കാണിക്കാൻ ( കത്തുകൾ.102)

• പള്ളിപ്പുറത്തു പള്ളി വഴക്ക് - മെത്രാൻ മുടക്കിയ കേസ് പ്രശ്നക്കാരൻ പാലക്കൽ വർക്കിയച്ചനെ രക്ഷിച്ച വഴി

• ആസ്തപ്പാടുപട്ടത്തോടു ചേർന്നുള്ള പള്ളികയറ്റം, വീടുകയറ്റം - അന്നു രാത്രി പള്ളിമുറിയിൽ വികാരിയച്ചനോടൊപ്പം. (പാലാക്കുന്നേൽ നാളാഗമം)

❖തകർന്ന ബന്ധങ്ങളെ കൂട്ടിയിണക്കുന്നു

• മാന്നാനം കൊവേന്തയും തയ്യിൽ പെരുമാലിൽ കുടുംബവുമായുള്ള അകൽച്ച, സ്നേഹസാന്നിദ്ധ്യവും പ്രാർത്ഥനയും പനി വിട്ടുമാറുന്നു, ബന്ധങ്ങളെ കൂട്ടിയോജിപ്പിക്കുന്നു

• കൂനമ്മാവിൽ - അച്ചന്റെ വീട്ടിൽ - വീട്ടുകാരുടെ കാര്യം അവർ നോക്കിക്കൊള്ളും അച്ചൻ പള്ളിയിലേക്കു പോകുക (മഞ്ഞുമ്മൽ ലൂയിസ്)

❖നാടിന്റെ വികസനത്തിനായി

• ജ്ഞാനക്കുരുടത്വം മാറ്റുവാൻ വിദ്യാഭ്യാസവുമായി (കത്തുകൾ -

129)
• അറിവും വിശ്വാസവും ബന്ധങ്ങളും വർദ്ധിപ്പിക്കുവാൻ പ്രസ്സു മായി (നാളാഗമം 44,45)
• സഭൈക്യവും കൂട്ടായ്മയും നിലനിർത്തുവാൻ ശീശ്മക്കെതിരെ (നാളാഗമം)
• സ്വന്തറീത്തിന്റെ തനിമയും ആത്മീയതയും നിലനിർത്താൻ (ക ത്തുകൾ 5-29)
• വൈദിക, സന്യാസ നേതൃത്വത്തെ രൂപപ്പെടുത്താനും വളർത്താനും (നാളാഗമം 1-32)

## 3. താൻ ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വങ്ങളോടുള്ള സമർപ്പണം

### a) പൗരോഹിത്യത്തിനുള്ള സമർപ്പണം

പൗരോഹിത്യത്തിന്റെ മഹത്വത്തെക്കുറിച് ചാവറപിതാവിന് വ്യക്തമായ ബോദ്ധ്യം ഉണ്ടായിരുന്നു. മാലാഖമാർ പോലും ദൈവ സാന്നിദ്ധ്യത്തിന്റെ അൾത്താരയിലേക്കടുക്കുവാൻ ഭയപ്പെടുമ്പോൾ അൾത്താരയിൽനിന്ന് ദൈവത്തെ ഭൂമിയിലേക്കു വിളിച്ചുവരുത്താനും കരങ്ങളിൽ എടുക്കുവാനും യോഗ്യനാക്കിയിരിക്കുന്ന പുരോഹിതന്റെ മഹത്വം എത്രയോ വലുതെന്ന് അദ്ദേഹം മനസ്സിലാക്കുകയും അതി നനുസരിച്ച് ഭക്തിപാരവശ്യത്തോടെയാണ് അദ്ദേഹം അൾത്താരയെ സമീപിച്ചിരുന്നത് (ധ്യാനസല്ലാപം 38, 39, 52)

**പൗരോഹിത്യത്തിന്റെ മഹത്വത്തെ കാത്തുസൂക്ഷിക്കുവാൻ ചാവറപിതാവുപയോഗിച്ചിരുന്ന ശക്തിശ്രോതസ്സുകൾ**

1. ധ്യാനവും പ്രാർത്ഥനയും ചാവറപിതാവിന്റെ അനുഭവം:
• കൂട്ടുകാരനോടുള്ള സംഭാഷണം പോലെ (ധ്യാനസല്ലാപം 14, 15)
• ധ്യാനസമയത്തു ദൈവപിതാവ് ഇരുകരങ്ങളും നീട്ടി സ്വീകരിക്കാൻ ഹൃദയത്തിലേക്കടുക്കുന്നു. (ധ്യാനസ ല്ലാപം 53)
• വായനയിൽ ഇഷ്ടമുണ്ടായാൽ ഏകാന്തതയിൽ സന്തോഷമുണ്ടാകും, ഏകാന്തതയിൽ ഈശോമിശിഹാ ആത്മാവിനോടു സംസാരിച്ചുതുടങ്ങും (കത്തുകൾ 116)

2. ഉപദേഷ്ടാവായ സദ്ഗ്രന്ഥങ്ങളുടെ വായന (കത്തുകൾ 116)
3. ആത്മീയഗുരുക്കളോടുള്ള ബന്ധം - 31 വയസ്സിനു താഴെയുള്ള ലയോപ്പോൾദച്ചനായിരുന്നു ആത്മീയപി താവും കുമ്പസാരക്കാരനും.
4. അടുക്കലടുക്കലുള്ള കുമ്പസാരവും ആത്മപരിശോധനയും (ധ്യാനസല്ലാപം 49, 50)
5. ജീവനേകുന്ന ദൈവവചനവും ദിവ്യകാരുണ്യവും (ആത്മാനുതാപം 10)
6. ലഭിച്ചിരിക്കുന്ന അനുകൂലസാഹചര്യങ്ങൾ - ദേവാലയത്തോടു ചേർന്ന ജീവിതം, ഒരേ ദൈവവിളി സ്വീക രിച്ചവരുടെ സാന്നിദ്ധ്യം, വീട്ടിലെ വ്യഗ്രതയിൽ നിന്നകന്ന്, വായിക്കാനും പഠിക്കാനും അവസരം, പാപസാ ഹചര്യങ്ങളിൽ നിന്ന് വിട്ട് അടുക്കലടുക്കൽ കൂദാശാസ്വീകരണത്തിനുള്ള അവസരം (ധ്യാനസല്ലാപം. 56)
7. ദൈവമാതാവിന്റെ സംരക്ഷണം - മാതാവിന്റെ നാമത്തിൽ വല വീശിയാൽ എന്തെങ്കിലും ലഭിക്കാതെ വല തിരിച്ചെടുത്തിട്ടില്ല. (കത്തുകൾ 81)
8. അമ്മയായ തിരുസഭ - സത്യതിരുസഭ വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും ഞാനും വിശ്വസിച്ചിരിക്കുന്നു. എന്റെ വിശ്വാസത്തെ നീ ഉറപ്പിക്കേണമെ. (ധ്യാനസല്ലാപം 70, 71) തമ്പുരാനും പിതാവും ഗുരുനാഥനുമായ ബാവാപുത്രൻ റൂഹാദക്കുദിശാതമ്പുരാൻ

- പരിശുദ്ധപിതാവിനോടുള്ള അദ്ദേഹത്തിന്റെ പ്രത്യേകഭക്തി
- അറിവില്ലാത്ത വൈദികൻ കുരുടനെ വഴികാട്ടുന്ന കുരുടനായ വഴികാട്ടി. (കത്തുകൾ 129)
- വൈദികരെ പരിശീലിപ്പിക്കുന്ന നിതാന്തശ്രദ്ധാലു. 1829 മുതൽ 1864 വരെ 35 വർഷത്തെ വൈദികപരിശീലകൻ

## b) സന്യാസത്തിനുള്ള സമർപ്പണം

✶ തന്റെ ജീവിതത്തെ മുഴുവൻ അർത്ഥപൂർണമാക്കുന്ന, ദൈവപരിപാലനയിലൂടെ ലഭിച്ച, കുര്യാക്കോസ് - 'ഞാൻ കർത്താവിന്റേ

താണ്' എന്ന സ്വന്തം പേര് - പേര് കൊണ്ടുതന്നെ സമ്പൂർണസമർപ്പിതൻ.

✶ ഏലിയാപ്രവാചകന്റെ തീക്ഷ്ണത ലഭിക്കുവാൻ വേണ്ടി വ്രതവാഗ്ദാനത്തോടു ചേർന്ന് സ്വന്തപേരിനോടുകൂടി 'ഏലിയാ' എന്ന നാമവും.

-ഹോറെബ് (കാർമ്മൽ) മലയിലെ ഗുഹയിൽ സൈന്യങ്ങളുടെ കർത്താവായ ദൈവത്തെക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിഞ്ഞിരുന്ന ഏലിയായെപോലെ മാന്നാനം മലയിലെ 'ബേസ്റൗമ' എന്ന ദർശനവീട്ടിൽ ചാവറപിതാവിന്റെ താപസജീവിതം.

-കലപ്പയിൽ നിന്ന് കൈവിട്ടിട്ട് പിന്തിരിഞ്ഞുനോക്കാത്ത ഏലീഷായെപോലെയുള്ള (1രാജാ 19:19-21) ശിഷ്യത്വം (ലൂക്കാ 9:62).

# Golden Records - 41

## ചാവറയച്ചനും ജരാർദ്ദച്ചനും ഒരുമിച്ച് സഭാംഗങ്ങൾക്കെഴുതിയ സർക്കുലർ

*ലെയോപ്പോൾദ് മിഷനറിയുടെ അനുജനാണ് ജരാർദ്ദു മൂപ്പച്ചൻ. ഇദ്ദേഹം 1869-ൽ കർമലീത്താ മിഷനറിയായി കേരളത്തിൽ വന്നു. 1869 സെപ്തമമ്പർ മുതൽ 1870 നവംമ്പർ വരെ 14 മാസക്കാലം ലെയോപ്പോൾദ്ദു മൂപ്പച്ചൻ യൂറോപ്പിലായിരുന്നു. അദ്ദേഹത്തിന്റെ അസാന്നിധ്യത്തിൽ സന്യാസമൂഹങ്ങളുടെ കാര്യങ്ങൾ നോക്കുന്നതിന് പ്രൊവിൻഷ്യൽ ഡലഗേറ്റായി ജരാർദ്ദച്ചൻ നിയോഗിക്കപ്പെട്ടു. ഈ അവസരത്തിലാണ് ചാവറയച്ചനോടു കൂടി ജരാർദ്ദച്ചൻ ഈ സർക്കുലർ എഴുതിയത്. 1876 ജനുവരി 1-ന് ലെയോപ്പോൾദച്ചനോടൊപ്പം ഇദ്ദേഹവും ഇറ്റലിയിലേയ്ക്ക് തിരിച്ചുപോയി. ഈ സർക്കുലറിൽ അനുദിനജീവിതത്തിൽ ശ്രദ്ധിക്കേണ്ട നാല് കാര്യങ്ങളെക്കുറിച്ചാണ് ഓർമ്മിപ്പിക്കുന്നത്. അൽമായരോടുള്ള സംസർഗം, ആശ്രമങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിനേക്കുറിച്ചും ഇതിനു സ്വീകരിക്കേണ്ട വിനീതഭാവത്തേക്കുറിച്ചും സന്യാസജീവിതത്തിൽ മൗനത്തിനും ഏകാന്തതയക്കും ഉള്ള പ്രാധാന്യത്തെക്കുറിച്ചും നമ്മുടെ ആശ്രമങ്ങളിൽ നിന്നും ലോകത്തിലേക്ക് വ്യാപിക്കേണ്ട ഉപവി, എളിമ, വിശുദ്ധി, തീക്ഷ്ണത എന്നിവയെക്കുറിച്ചും മറ്റുമാണ് ഓർമ്മിപ്പിക്കുന്നത്. നമ്മുടെ നവീകരണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഈ ചിന്തകളും പ്രസക്തമാണ്.*

*ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.*




F. Gerardus a S. Joseph C.S.M.A

## പകർപ്പ്

ഈശോ മറിയം യൗസേപ്പ്

കേരളത്തിലുള്ള കർമലീത്താ നിഷ്പാദുക മൂന്നാം സഭയുടെ പ്രൊവിൻഷ്യൽ ഡലഗേറ്റിന്റെ പേരിൽ കാര്യങ്ങൾ നടത്തുന്ന മുഷ നറി അപ്പസ്തോലിക്കയായ വിശുദ്ധ യൗസേപ്പിന്റെ ജരാർദ്ദച്ചനും കൊവേന്തകളുടെ പ്രിയോരായ തിരുകുടംബത്തിന്റെ ആഹാ കുര്യാക്കോസ് ഏലിയായും ചേർന്ന് മാന്നാനം കൊവേന്തുടെ ബഹുമാനപ്പെട്ട വികാരിയും വൈദികരും സഹായ സഹോദരന്മാരുമായ കൂടെപ്പിറപ്പുകൾ എല്ലാവർക്കും കൂടി കർത്താവിൽ സമാധാനം അറിയിച്ചുകൊണ്ട് എഴുതുന്നത്:

പ്രിയപ്പെട്ട സഹോദരന്മാരേ,

നിങ്ങൾ ജാഗ്രതയോടെ ഉണർന്നിരിക്കുവിൻ, ആത്മാവ് സന്നദ്ധമെങ്കിലും ശരീരം ബലഹീനമാണ്. (മർക്കോ 14:38)

സ്വഭാവത്താലേ ബലഹീനരായ നമ്മെ ഇടയ്ക്കിടയ്ക്ക് ഉണർത്തി ചൂടു പിടിപ്പിക്കണമെന്ന് നമ്മുടെ കർത്താവിന്റെ ഈ തിരുവചനങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നു. അതിനാൽ ഞങ്ങളുടെ ഏതാനും ഉപദേശങ്ങൾ നിങ്ങൾക്കു നൽകുന്നു.

1 അൽമായരോടുള്ള സംസർഗ്ഗത്തിലും സംഭാഷണത്തിലും സന്യാസികൾക്ക് ഉണ്ടാകാവുന്ന കുറവുകളെപ്പറ്റി ഞങ്ങൾ എടുത്തു പറയേണ്ടതില്ലല്ലോ. അതിനാൽ ഇക്കാര്യത്തിൽ നിങ്ങൾ ശ്രദ്ധയുളളവരാകുക. സുപ്പീരിയറിന്റെ അനുവാദം കൂടാതെ യാതൊരുത്തരും, വൈദികരായാൽപ്പോലും അൽമായരോട് സംസാരിക്കാതിരിക്കാൻ ശ്രദ്ധിക്കുക.

2. കൊവേന്ത അടിച്ചു വൃത്തിയാക്കുക മുതലായ എളിമയ്ക്കടുത്ത ജോലികളിൽ നിന്നും ആരും ഒഴിവെടുക്കരുത്. ബഹുമാനപ്പെട്ട വൈദികർ ഇത്തരം ശുശ്രൂഷകൾ ഒന്നാമതായി ചെയ്ത് ഇതിനും മാതൃക നൽകുന്നവരാകണം

3. ഏകാന്തത കൂടാതെ നമ്മുടെ സന്യാസജീവിതത്തിന്റെ മാധുര്യം ആസ്വദിക്കാനും അതിന്റെ കടമകൾ നിർവഹിക്കാനും സാധിക്കുകയില്ല. അതിനാൽ എന്തെങ്കിലും അത്യാവശ്യങ്ങൾക്കലാതെ സ്വന്തം മുറിയിൽ നിന്നും പുറത്തുപോകേണ്ട. അതായത്, പ്രകൃതിയുടെ ആവശ്യത്തിനും ഏൽപ്പിക്കപ്പെട്ട ജോലികൾക്കും പ്രമാണരേഖ നിർദ്ദേശിക്കുന്ന മറ്റു കാര്യങ്ങൾക്കുമല്ലാതെ മറ്റ് ഏതെങ്കിലും ആവശ്യത്തിന് പുറത്തു പോകുന്നതിന് ബഹുമാനപ്പെട്ട സുപ്പീരിയറിന്റെ അനുവാദം ആവശ്യമാണ്. എന്തെന്നാൽ, തന്റെ ആട്ടിൻകുട്ടി ഇപ്പോൾ എവിടെ മേയുന്നുവെന്ന് ഇടയൻ അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്.

4. ഉപവി, എളിമ, വിശുദ്ധി, തീക്ഷ്ണത ഇവ നാലും നമ്മിലും നമ്മുടെ ചുറ്റുമുണ്ടെങ്കിൽ അത് ലോകം മുഴുവനിലും ആകുകയും ചെയ്യും

ഇതി, കൂനമ്മാവിലെ വിശുദ്ധ ഫിലോമിനായുടെ കൊവേന്തയിൽ നിന്ന് എഴുതപ്പെട്ടത്

വിശുദ്ധ യൗസേപ്പിതാവിന്റെ ജരാർദ്ദ്
(ഒപ്പ്)
ആഹാ കുര്യാക്കോസ് ഏലിയാ, പ്രയോർ
(ഒപ്പ്)




# പിതൃഭവനത്തിൽ നിന്ന്

## പുതുവത്സരം

ജനുവരി 1 -ാം തിയതി ബ. ജനറാളച്ചന്റെ കാർമ്മികത്വത്തിൽ എല്ലാ വൈദികരും ഒരുമിച്ച് പുതുവർഷ ദിവ്യബലിയർപ്പിച്ചു.

രക്ഷ സ്വീകരിക്കാനും രക്ഷകരാകാനുമുള്ള കടമ ഈ പുതുവത്സരത്തിൽ നാം ഏറ്റെടുക്കണമെന്ന് ബ. ജനറാളച്ചൻ സന്ദേശം നൽകി. സി. എം. ഐ ജനറൽ കൗൺസിലും സി. എം. സി ജനറൽ കൗൺസിലും പുതുവർഷത്തിൽ ഒരുമിച്ചുക്കൂടി കൂട്ടായ്മ ഉറപ്പിക്കുകയും പുതുചിന്തകളും പ്ലാനുകളും പങ്കുവയക്കുകയും ചെയ്തു ഈ വർഷത്തിലെ കാതലായ സംഘടനാപ്രവർത്തനങ്ങൾക്ക് കാരണമാക്കി.

## വിശുദ്ധ ചാവറപ്പിതാവിന്റെ തിരുനാൾ

തിരുനാളിനൊരുക്കമായി 9 ദിവസത്തെ പ്രാർത്ഥന നടത്തി. ജനുവരി 3-ാം തിയതി ബ. ജനറാളച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ 46 നവവൈദികരെ ചേർത്ത് മാന്നാനം ആശ്രമദേവാലയത്തിൽ ആഘോഷമായ തിരുനാൾ കുർബ്ബാന നടത്തി. വി. ചാവറപ്പിതാവിന്റെ കബറിടത്തിൽ നിന്ന് ശക്തിസ്വീകരിച്ചുകൊണ്ട് വൈകിട്ട് 6 മണിക്ക് നവവൈദികർ സി. എം. ഐ ജനറലേറ്റിൽ എത്തി. അവരെ ബ. ജനറാളച്ചനും സമൂഹവും സ്വീകരിച്ചു. രാത്രി അത്താഴം കഴിഞ്ഞ് നവവൈദികരുടെ അനുഭവം പങ്കുവയ്ക്കൽ ഏറെ സന്തോഷം നിറഞ്ഞതായിരുന്നു. രാവിലെ 6.15 ന് നവവൈദികർ അർപ്പിച്ച ബലിയിൽ ഇവിടെയുള്ള ജനങ്ങളും പങ്കെടുത്തു. ബലിക്കുശേഷം അവർ അനുമോദനങ്ങൾ നല്കി.

## സി. എം. ഐ കുടുംബദിനം

2018 ജനുവരി 4-ാം തിയതി രാവിലെ 9.30-ന് ചാവറഹിൽസ് ദേവാലയത്തിൽ സി. എം. ഐ സഭാംഗങ്ങൾ ഒരുമിച്ചുകൂടി കുടുംബദിനാഘോഷത്തിന്റെ ഭാഗമായി പ്രാർത്ഥിച്ചു. ആസ്പിരൻസും വിവിധഘട്ടങ്ങളിൽ പരിശീലനം സ്വീകരിക്കുന്നവരും കുടുംബദിനത്തിൽ പങ്കെടുത്തു. നവവൈദികരും ഈ കുടുംബദിനത്തിൽ സംബന്ധിച്ച് ആഘോഷമാക്കി.

## ചാവരുളിന്റെ 150-ാം വാർഷികം

ചാവരുളിന്റെ 150-ാം വർഷം 2018 ജനുവരി 4-ാം തിയതി ആഘോഷിച്ചു. കത്തോലിക്കാകുടുംബങ്ങളോട് സി. എം. ഐ സഭയുടെ മറുപടി ചാവരുളിന്റെ വെളിച്ചത്തിൽ എന്തായിരിക്കുമെന്ന് ശ്രീ. ജോൺ പോൾ സംസാരിച്ചു. കത്തോലിക്കായുവജനങ്ങളെ ചാവ

രുളിന്റെ സന്ദേശത്തിലൂടെ എങ്ങിനെ രൂപപ്പെടുത്താമെന്ന് ബ. ബെന്നി നൽക്കരയച്ചനും സംസാരിച്ചു. സി. എം. ഐ പ്രയർ ജന റൽസ് ഡേയുടെ സന്ദേശങ്ങളും പരിപാടികളും ഈ ചടങ്ങിൽ വച്ച് ഹൃദ്യമായി ആഘോഷിച്ചു. സി. എം. ഐ സഭയിലെ മേജർ സുപ്പീ രിയേഴ്സും ഈ ആഘോഷങ്ങളിൽ പങ്കുചേർന്നു.

പ്രസ്തുത സമ്മേളനത്തിൽ സി. എം. ഐ സഭയിലെ വളരെ വ്യത്യസ്ഥതലങ്ങളിൽ പ്രത്യേകതകളോടെ ശുശ്രൂഷ ചെയ്ത 15 സി. എം. ഐ വൈദികരെ ബ. ജനറാളച്ചൻ " Outstanding Achievement Award " നൽകി ആദരിച്ചു. മരണമടഞ്ഞ സ്വാമി സദാനന്ദ് സി. എം. ഐ " അനുരഞ്ജനത്തിന്റെ അപ്പസ്തോലൻ " എന്ന നിലയിൽ മര ണശേഷമുള്ള അവാർഡിനർഹനായി. വാഴ്ത്തപ്പെട്ട റാണിമരി യയുടെ ഘാതകനായ സിംഗിനെ ജയിലിൽപോയി പലപ്രാവശ്യം, സന്ദർശിച്ച് മാനസാന്തരത്തിനായി ഒരുക്കുന്നതിന് സ്വാമി സദാനന്ദ ഉത്തരവാദിത്വമെടുത്തു. അദ്ദേഹത്തെ റാണിമരിയയുടെ ഭവനത്തിൽ കൊണ്ടുവരുന്നതിനും മാതാപിതാക്കളോടു ക്ഷമയാചിക്കാനും സ്വാമിയാണ് കാരണമായത്.

## മേജർ സുപ്പീരിയേർസ് മീറ്റിംഗ്

സി. എം, ഐ സഭയിലെ മേജർ സുപ്പിരിയേർസ് മീറ്റിംഗ് 2018 ജനുവരി 4-ാം തിയതി ഉച്ചകഴിഞ്ഞ് 2.30-ന് ജനറലേറ്റിൽ വച്ച് ഔദ്യോഗികമായി ബ. ജനറാളച്ചൻ ഉദ്ഘാടനം ചെയ്തു. സഭയിലെ വിവിധ വിഷയങ്ങളും പരിപാടികളും ചർച്ചചെയ്യപ്പെട്ടു.

## Koinonia

1980 – 1989, 1960 – 1969, 1970 – 1979 എന്നീ കാലഘട്ടങ്ങളിൽ പൗരോഹിത്യം സ്വീകരിച്ച പുരോഹിതരുടെ കൂട്ടായ്മ ജനറൽ ഹൗസിൽ വ്യത്യസ്ഥ ദിനങ്ങളിലായി നടത്തപ്പെട്ടു. സഭാ തലത്തിൽ ഒരു വലിയ കാൽവയ്പ്പാണ് ഈ കൂട്ടായ്മ.

## കാർമ്മലൈറ്റ് ഫാമിലി ഓഫ് ഇന്ത്യ നാഷണൽ സെമിനാർ

കർമ്മലീത്താ സഭാവിഭാഗങ്ങളെ ഒരുമിച്ചുക്കൂട്ടി 3 ദിവസത്തെ ഒരു നാഷണൽ പ്രോഗ്രം ജനുവരി 9, 10, 11 തിയതികളിൽ നടന്നു.




സി. എം. ഐ. ജനറൽ കൗൺസിലർ റവ. ഫാ. സാജു ചക്കാലയ്ക്കലാണ് ഈ നാഷ്ണൽ സെമിനാറിന്റെ കോർഡിനേറ്റർ. 'Contemplation and Proclamation' എന്നതായിരുന്നു സെമിനാറിന്റെ വിഷയം. വളരെ വിജയപ്രദമായിരുന്നു ഈ സെമിനാർ.

## മേജർ സുപ്പീരിയേർസ് മീറ്റിംഗ്

സി. എം. ഐ സഭയിലെ മേജർ സുപ്പിരിയേർസ് മീറ്റിംഗ് 2018 ജനുവരി 4–ാം തിയതി ഉച്ചകഴിഞ്ഞ് 2.30–ന് ജനറലേറ്റിൽ വച്ച് ഔദ്യോഗികമായി ബ. ജനറാളച്ചൻ ഉദ്ഘാടനം ചെയ്തു. വിവിധ വിഷയങ്ങളും പരിപാടികളും ചർച്ചചെയ്യപ്പെട്ടു.

## വി. ചാവനറപിതാവിന്റെ അനുസ്മരണദിനം

ജനറലേറ്റിന് ചുറ്റുമുള്ള സ്ഥാപനങ്ങളിലേയും ഇടവകകളിലേയും സന്യാസഭവനങ്ങളിലെയും അംഗങ്ങളെ ക്ഷണിച്ചുവരുത്തി ഒരുദിവസം 'ചാവറദിനം' ആയി ആഘോഷിച്ചു. 7 മണിക്ക് ബൈബിൾ ശുശ്രൂഷ ദേവാലയത്തിൽ നടത്തി. 7.30 –ന് എല്ലാവർക്കുമായി നല്ല വിരുന്ന്സൽക്കാരവുംനടത്തി. ചുറ്റുപാടുമുള്ള ഇതരസമർപ്പിതസമൂഹങ്ങളെ ഒരുമിച്ച്കൂട്ടിയുള്ള ഒരു ആഘോഷമാണിത്.

## കോളേജ് സ്കാളാസ്റ്റിക്ക് സമ്മേളനം

കോളേജുകളിൽ പഠിക്കുന്ന ശെമ്മാശന്മാരുടെ ഒത്തുചേരൽ " Ulsah" എന്നപേരിലാണ് ഇവിടെ വച്ച് നടന്നത്. 43 ശെമ്മാശന്മാർ ഈ കൂട്ടായ്മയിൽ പങ്കെടുത്തു.

## തൃക്കാക്കര എക്യുമേനിക്കൽ ക്രിസ്തുമസ് ആഘോഷം

തൃക്കാക്കരയിലെ എല്ലാ ക്രിസ്തീയ വിഭാഗങ്ങളും ഇടവകകളും, സന്യാസിനിസന്യാസ സമൂഹങ്ങളും ഒരുമിച്ച്ചേർത്ത് എക്യുമിനിക്കൽ ക്രിസ്തുമസ് ആഘോഷം നടത്തി. ചെമ്പുമുക്ക് പള്ളി ഓഡിറ്റോറിയത്തിലായിരുന്നു ആഘോഷപരിപാടികൾ. മണിക്കുറുകൾ നിണ്ട കലാപരിപാടികൾ തികഞ്ഞ ക്രിസ്തീയതനിറഞ്ഞതായിരുന്നു.

ബ. വിബിൻ പുല്ലമ്പള്ളിയച്ചനായിരുന്നു ഇതിന്റെ പ്രധാന കോർഡിനേറ്റർ. സി. എം. ഐ ജനറലേറ്റിൽ വച്ച് ഇതിനൊരുക്കമായി 2 മാസം നീണ്ടുനിന്ന തയാറെടുപ്പുകൾ നടത്തിയിരുന്നു. ബ. ജനറാളച്ചൻ ഇതിനാവശ്യമായ എല്ലാ സഹായസഹകരണങ്ങളും ചെയ്തു.

# Sacred Heart Province, Kochi

## Golden Jubilee Celebrations of Priesthood and Religious Profession

The air was filled with great joy and thanksgiving on the morning of 20th January 2018, as Rev. Frs. James Chalil, Jose Padayatty, George Earathara and Rev. Frs. Mulavarickal Jacob, Koikara Mathew, Panikulam Vincent, Thyparambil Jose, Pudussery Varghese, Vattathara Mathew and Pittapillil George Peter celebrated their Golden Jubilee of Priesthood and Religious Profession respectivley in the presence Bishops Graitan Mundadan and Thomas Chakiath, Fr. Jose Kuriedath, Provincial, priests and a large gathering of nuns and faithful. The concelebrated Mass was celebrated in the Rajagiri Indoor stadium.



Fifty years of priestly and religious yeomen service in the vineyard is a great grace of the Lord. We thank God for having gifted us with such an exemplary priests to imitate. We pray that

God may extend them many more years of fruitful service, good health of mind and body and a peaceful and joy filled life.

**Congratulations to Fr. Prasant Palackappillil CMI!**

All India Association for Christian Higher Education honored Fr. Prasant Palackappillil with Best Principal Award 2017.

**Inauguration of St. Kuriakose Elias Chavara Parish, Subhanghata, Assam**

On 25 January, 2018 a new parish was inaugurated by Bishop Thomas Pulloppillil, the Bishop of Bongaigon Diocese, Assam. It is named after our founder saint Chavara and it is a new hopeful venture in Assam. Fr. Simmy Kalavany CMI is the first parish priest. Congrats and Best wishes to Rev. Frs. Simmy Kalavany and James Aeranat.

# Dharmaram News

**Renewal of Vows**

All our temporarily professed Scholastics renewed their vows on the Feast of Immaculate Conception, 08 December 2017, after 2 days intense preparations.

**Commemoration of the Departed Souls**

Dharmaram community expressed its communion with the CMI Departed Souls, on 9th December. We remembered our ancestors, their dreams, struggles, passion, hard work and struggles

they faced for our Congregation and for the whole Church at large. We are all proud of our noble, challenging and motivating legacy.

**Hearty Congratulations to the Winners of CMI Unique Achievement Awards**

In connection with CMI Founder's Day, Fr Prior General announced awards for those who have made unique impact through their creative ministries. Out of the 15 awardees three were from Dharmaram, Rev. Fr. Marius Manickanamparambil, (Commitment to the poor, the hungry and the differently abled) Rev. Fr. George Nellikunnel CMI, (love for nature and agriculture) and Rev. Fr. Shijo Jose Panjickal, (Proclamation of the word of God through the initiative of SPACE Channel) were honoured for their outstanding services. While congratulating them for their services, let us thank God for the gift of these priests.

**Christmas Celebrations**

Dharmaram Community celebrated Christmas with the supporting staff on 23 December evening. Fr. Rector delivered the Christmas message. Our brothers and the staff staged many colourful Christmas programmes. Dharmaram Crib was blessed on the eve of Christmas.

**Founder's Day**

Dharmaram celebrated Founder's Day on Wednesday, 3 January 2018. Representatives from various parishes were invited for the celebrations. It began at 11 am with a prayer session followed by a gathering and lunch. Dr. George Edayadiyil CMI, Rector, Dharmaram College welcomed the gathering. Rev. Sr. Alan Maria

CMC and Adv. George Joseph spoke on 'St. Chavara's contribution in Women Empowerment' and 'Relevance of *Oru Nalla Appante Chavarul* in family life' respectively. A large number of our parishioners were present in the evening to participate in the concelebrated solemn Divine Liturgy. It was followed by a procession to St. Thomas Forane church. Statue of St. Chavara was taken out on a special chariot prepared by the parish youth. Rev. Fr. Cyriac Madathil CMI, Vicar, officiated the *Novena* and gave final blessing at St. Thomas church. The Founder's Day celebrations were concluded with *Chavara nercha* arranged by the parish.

**Dharmaram Orchestra**

Dharmaram staged an Orchestra "*Accolade*" on 6$^{th}$ and 7$^{th}$ of January 2018 as part of Founder's Day celebrations. The programme was a grand success as many from the neighbouring Religious communities and various parishes enjoyed the musical evenings.

**Felicitation to the New PhD Holders**

Fr. Benny Alumkalkarottu CMI, Fr. Thomas Mangara CMI and Fr. Arun Chully CMI were felicitated by the Dharmaram Community, on 16 January 2018, for their achievements in research and successful completion of PhD programmes. They briefed their research paper before the community. Congratulations and best wishes to them.

**Inter-Sem Day 2018**

Annual meeting of Scholastics of the Major Seminaries in Bengaluru was held on **Saturday, 20 January 2018** at Christ

University**.** His Grace Most Rev. Bernard Moras, Archbishop of Bengaluru graced in the inaugural function. The programme was conducted under the auspices of Inter-Sem. It was a wonderful occasion for the brothers to meet other seminarians from various seminaries in and around Bangalore.

**Jubilee Celebrations**

Dharmaram community celebrated the **Sacerdotal Golden Jubilee** of Rev. Fr. George Kaniarakath, Rev. Fr. John Menonkary, Rev. Fr. John Peter Muringathery and Rev. Fr. Joseph Vithayathil; **Golden Jubilee of Religious Profession** of Rev. Fr. Sebastian Athappilly, Rev. Fr. Mathew Koikara and Rev. Fr. Jose Pereppadan and **Sacerdotal Silver Jubilee** of Rev. Fr. Jose Chennattussery on 25 January 2018. Celebrations began with concelebrated Divine Liturgy and it was followed by felicitation gathering and agape.

***Samavarthanam***

The arrival of our newly ordained priests made the Dharmaram community jubilant and delighted. On Sunday, 28$^{th}$ January they celebrated Eucharist in the parishes where they had their pastoral ministry during the theological formation. The newly ordained priests celebrated their thanksgiving mass at DVK and Dharmaram on 29$^{th}$ and 31$^{st}$ January respectively. The convocation ceremony was presided over by Rev. Fr. Paul Achandy CMI, Vice-Chancellor, DVK, on 29 January. Rev. Dr. Valsan Thambu, delivered the convocation address. The ***Samavarthanam*** of the newly ordained priests from Dharmaram was conducted in traditional Indian way on 31 January. Dharmaram felt the joy of accomplishment.

Dharamaram community wished them a fruitful ministry in the Lord's Vineyard.

**Dharma Endowment Lectures 2017-2018**

Dharma Endowment Lectures 2017-2018 on the theme "Exploring Buddhism to Experience Freedom and Happiness Here and Now" was held on the 5th and 6th February. Venerable Bhikkhu Ananda (General Secretary, Maha Bodhi Society, Bengaluru) was the speaker. A word of appreciation to Fr. Jose Nandikkara CMI, Dean, Faculty of Philosophy and all the members of the Faculty of Philosophy.

**Inauguration and Blessing of Christ School, Kengeri**

Inauguration and Blessing of Christ School, St. Mary's Campus, Kengeri was held on 25th February. Fr. Rector blessed the new campus. Many dignitaries including Shri. K J George, Minister, Karnataka State were present in the inaugural function.

## MarThoma Province,Chanda

### Samvaad, center for dialogue, counseling and psychotherapy

Samvaad, center for dialogue, counseling and psychotherapy, a novel venture of Cmi Mar Thoma Province Chanda was formally launched and inaugurated at Mhasala, Wardha on Saturday, 10th February, 2018 - on the auspicious occasion of CHAVARA JAYANTI. The center is located in a pristine and serene piece of land with lush green vegitations and flowers and with chirping birds all around. The location has added importance as it is very

near to Gandhiji's Bapukuti Ashram at Sewagram and Vinoba Bhave's Ashram at Pawnar.

The program began with a prayer dance performed by Ms Samriddhi and Vykalpika from Agragami Convent School, Mhasala. Fr. Joshy Vazhappilly, the director of the center welcomed the guests and introduced the concept of Samvaad and gave a brief description of the philosophy, core values and the services provided at the center. Dr. Varghese, Vicar General of Chanda Diocese inaugurated the center by lighting the traditional lamp as chantings were on invoking Divine presence. Floral tributes were accorded to the portraits of Mahatma Gandhi, the father of the nation and the champion of Ahimsa, of St. Chavara, the patron of families and of Vinoba Bhave, who stood for Anthyodaya.

Mr. Bharat Mahodaya, director of Institute of Gandhian Studies, Gopuri, Wardha, Dr. Bharati Taksande, professor of medicine, MGIMS, Sewagram, Prof. Anil Dube and Ahmed Shakeel from MGAHV, Wardha, Dr. Sally John SJB, Associate Professor, department of psychiatry, JNMC, Sawangi, Dr. Suresh CMF, Rector, Claritian College of Philosophy, Sawangi, Fr. Raju Avookaran, Parish Priest, Wardha and

Sr. Arpita SJB, Provincial Superior, St. John's sisters Wardha graced the auspicious gathering with their presence and enlightening words. A good number of people from the neighbouring locality too was present on the occasion. Dr. Benny Joseph, the Provincial Superior of Mar Thoma Province Chanda presided over the function and while giving the presidential address assured whole-hearted supprt of the province to the new venture. Fr. Tomy Chirapurath, Dean, Darsana Institute of Philosophy, Sawangi proposed vote of thanks.

Core Values: Faith in God,
Faith in human goodness,
Faith in Dialogue.

The Philosophy: Every person is:
-unique,
-inherently good,
- open to growth and change.

Services: Marriage and family counseling, child/adolescent counseling, individual/group psychotherapy, skill development and training for teachers, nurses ND for those in helping professions, Marriage enhancement program for couples, one-day seminars on topics of mental health for the general public.

**Concept of SAMVAAD:** The entire universe is dialogical in existence. Sun rays cause the flowers to bloom, rain drenches the soil and causes the seed to sprout, farmer dialogues with the field and we have food, human person fold the hands in prayer and enters into dialogue with the creator, entire creation is, this, dialogical. This dialogue is not mere cerebral exercise but a existential reality. When the balance and mutual dependence is lost, then there is disharmony and discord. At SAMVAAD effort is made to bring back the lost balance and equilibrium within the person him/herself, between persons, societies and ultimately between the created and the creator through a process of peaceful and positive dialogue, this taking differences to amicable understanding.

**Address:**
Samvaad, Chavara Sadan, Zade layout, Ward no. 3, Mhasala, Wardha -442001 M. S.

**- Fr. Joshy Vazhappilly CMI**

# OUR MISSIONARY TOUR TO CMI ASHRAMS UNDER BIJNOR PROVINCE

**(Fr.Michael Chirayath CST, on behalf of all the CST Fathers working in Nepal)**

It gives me great joy to share the good feelings we had and the deep impressions we experienced when we, the CST Fathers working in Nepal, visited some of the CMI Ashrams and Institutions under Bijnor Province of the CMI Congregation. The government of Nepal declared a week's Election Holidays for the educational institutions and we grabbed the good chance to make this visit when Fr. Jayin Kalamparambil CMI in Kanchanpur offered his kind help to do it. For all of us this was the first visit to the CMI Ashrams under Bijnor Province. Although I was working in Gorakhpur area from the year 1976, I never got an opportunity to visit Bijnor which I very much wanted to. We were very happy to do this CMI Mission Tour in the enjoyable company of Fr. Jayin CMI.

**Great Hospitality of CMI:** We were fortunate to visit eight of the CMI Ashrams, including their Provincial House, in five days of time. From the very start we deeply experienced the great and generous hospitality of the CMI Fathers. A car was arranged for us from the Nepal border to the Provincial house in Najibabad. To visit all places and finally back to the Nepal border the Provincial House vehicle was made available for us. The cordial welcome they extended, the warm conversation we had, the delicious food they offered, the comfortable accommodation they had prepared, the eagerness to take us around the Missions and to the tourist important places – all

these brought us closer to one another. We very much felt at home in the Provincial House and in all the Ashrams.

**Cultural Orientation given to the future Missionaries:** In Rishikesh, where we could breathe the air of Hinduism, it was very impressive to see the young and energetic seminarians doing their theology. I believe that a seminary at the heart of this important Hindu pilgrimage Center, and the opportunities given them to know more closely the Hindu pattern of living an thinking, will go a long way to create positive and deeper impact in the minds of the seminarians. This will help them to come to know and love the people closer whom they have to serve in future. Also, the chances the seminarians get to live and work in the various Missions bring them closer to the people with whom they have to live and commit their lives. Sending seminarians to study in the local colleges also is a very effective means to know and imbibe the culture, the ethos and the language of the people. I understand that this integration to the culture and life situations of the people will help the seminarians to love their people and to be effective in their missionary life.

**Multifaceted missionary endeavors:** Rather than hearsay, we got firsthand experience of the various activities of the CMI Fathers in the evangelical, pastoral, educational, social and health sectors. It was remarkable to see that all the Missions were fully alive and vibrant and were intimately related to the people of the place. Every chance is utilized to give the message of Jesus to the children and the people directly and indirectly. The best educational institutions in Kerala are run by the CMI Fathers, and so too in the schools which we visited

they are able to maintain quality of education. We could also see that the Fathers are taking keen interest and giving full time and energy to provide characteristic education through their schools which maintain high standards. We very much appreciate the Fathers giving their direct services in the health sector too, which we seldom find in other Missions in North India. We could see the trust the sick people had in the health services of Fr. (Dr.) Jose Padayatty CMI and the crowd gathered in front of his hospital chamber. The alternate health care services through natural remedies organized and conducted by Fr. Vijay Payyappilly CMI is a unique attempt of the CMI Mission and was very impressive. We were also happy to see Fr. Mathew Kurisumoottil CMI, the Director of the Social Work Center of the CMI Fathers. We were told about the various activities the Fathers undertake for the development of the peoples and their empowerment, especially among the disadvantaged children, women and the marginalized. We also came to know about the programs organized by the Fathers in the field of ecumenism and inter-religious dialogue. As a whole the various missionary activities undertaken by the CMI Fathers are strong and effective enough to bring about positive difference in the lives of the people among whom they live and work.

**Relationship of the CMI Fathers with the Diocesan clergy.** We are thankful to Fr. Jayin CMI to include in the tour plan to visit Bishop John Vadakkel CMI and some of the diocesan institutions and parishes. These institutions also were very inspirational as they are focusing on the vulnerable and the abandoned children and people of the region. Each of these institutions is of unique nature and charism,

emanating the light of the Gospels in powerful ways. Along with this, we could learn also the very important lesson of the cordial relationship between the CMI Fathers and the diocesan clergy. It is a living example of our Religious Call to prepare the ground, plant the Church and hand it over to the diocesan clergy to maintain and develop it. We could feel that healthy relationship is kept up between the CMI Fathers and the diocesan Clergy and they are supported mutually.

**The CMI Communities**: In all the Ashrams we visited, except the one of Fr. Vijay Payyappily CMI, there are three members in the Community to carry out the various apostolates. Their living together in love and support in the Ashrams was a source of inspiration for us too. The elderly and the experienced Fathers were there in all the Ashrams to guide and care, and zealous and dynamic young Fathers to accomplish the activities of the Missions and also younger Fathers learning from both the above categories of Fathers, making themselves available for any service to achieve their common mission. This mutual support and living together in one accord enhances the joy of living the religious life, and reduces each one's burdens of missionary labor, and provides inner strength and energy.

**Our Special Thanks:** Our sincere thanks go to Rev.Fr.Provincial Biju Vadakkel CMI for welcoming us warmly and providing all facilities to make this visit comfortable and ever memorable. We also thank Fr.Jayin Kalamparambil CMI profoundly for making meticulous plans to enable us to visit as many CMI Missions as possible in the given days and to visit a few important national tourist places and especially for accompanying us all the places. We thank

all the Fathers and members of every Ashram who whole heartedly welcomed us and took care of us.

Our relationship with the CMI Fathers working in Nepal used to be very warm and affable, and we should acknowledge that this visit has made our relationship stronger and warmer. For all of us, this CMI Mission Tour of Bijnor Province enriched our experience, enhanced our missionary motivations and taught new lessons. We returned to Nepal with joyful hearts, renewed missionary enthusiasm and with sweet memories.

# Carmel Province, Muvattupuzha

### ഫാ. ഡോ. മാത്യു മഞ്ഞക്കുന്നേൽ സി. എം. ഐ
### "ഗ്ലോബൽ ഗ്രീൻ അമ്പാസിഡർ"

പരിസ്ഥിതി സംരക്ഷണം, ജൈവകൃഷി പ്രോത്സാഹനം, ആയുർവേദ സസ്യസംരക്ഷണം, പ്രകൃതിജീവനം മലനീകരണ നിയന്ത്രണം, എന്നീ മേഖലകലിലെ ബോധവൽക്കരണം, പ്രവർത്തന മികവ്, നേതൃത്വം സഭയിലും, സമൂഹത്തിലും നല്കുന്നതിനുള്ള അംഗീകാരമായി ന്യൂഡൽഹി ആസ്ഥാനമായുള്ള "ഗ്ലോബൽ ലീഡേഴ്സ് ഫൗണ്ടേഷൻ" ഫാ. മാത്യൂ മഞ്ഞക്കുന്നേലിന് "**ഗ്ലോബൽ ഗ്രീൻ അമ്പാസിഡർ**"പദവി നല്കി ആദരിച്ചു. ഡൽഹിയിലെ , കൊൺസ്റ്റിറ്റ്യൂഷൻ ക്ലബിൽ വച്ച് നടന്ന ദേശീയ ഹരിത സമ്മേളനത്തിൽ മുൻ സിക്കീം ഗവർണർ ഡോ. വാത്മീകി പ്രസദ്സിംഗ പ്രശസ്തി പത്രവും ഫലകവും നല്കി. മുവാറ്റുപുഴ, കാർമ്മൽ പ്രൊവിൻസിന്റെ സാമൂഹ്യവിഭാഗം കൗൺസിലറും , മൂന്നാർ കാർമ്മൽഗിരി പബ്ളിക്ക് സ്കൂൾ മാനേജരുമാണ്, ഫാ. മാത്യൂ മഞ്ഞക്കുന്നേൽ സി. എം. ഐ.

## Schedule of Programmes

# Education and Media Department

**1.** **CMI Media Meet** to be organized by the General Department of Education and Mass Media will be held on April 30th and May 1st 2018 at Chavara Hills. All the CMIs engaged in media ministry including cultural and dialogue centres are cordially invited. Sr. Claire (Chennai), Leo Tadeus, Manu Jose, etc., to animate.

**2.** **Higher Education Round Table** - A Two-day conference of the CMIs working in the field of Higher Education will be held on August 3rd and 4th 2018 at Chavara Hills, Kakkanad.

**3.** One Day Seminar for Fresh Teachers in CMI educational institutions on 'CMI Vision of Education' at Chavara Hills on August 18, 2018

**4.** CMI Board of Education Meet and a seminar on CMI Vision of Education at Chavara Hills on August 18 -19, 2018 at Chavara Hills

**5.** Round Table for CMIs Teaching/Administering in CMI Schools October 19th-20th, 2018 at Christ University Engineering Campus, (Devadan, Kengeri) Mysore Road, Bangalore.

## All are Welcome!

**For Private Circulation**

***Carmela Sandesam***
CMI Bulletin
CMI Generalate, Chavara Hills
P. B. No. 3105, Kakkanad P. O
Kochi - 682030

No. 238; March 2018
Phone : 0484-2881804
0484-2881816

**carmelasandesam.cmi@gmail.com**

അടുത്ത ലക്കത്തിലേക്കുള്ള മാറ്റർ
2018 മെയ് 15 നകം ഓഫീസിൽ
കിട്ടിയിരിക്കണം

All rights reserved, Reproduction in any manner, in whole or part, without prior written permission prohibited.

Editor: **Fr. Sebastian Thekkedathu CMI**

Printed and Published by Fr. Sebastian Thekkedathu
for the CMI General Secretariat for Media and Communication



Rev. Fr. Tomy
Chirapurath



Rev. Fr. Shijo
Jose Panjickal



Rev. Fr. Aloysius
Puthiyaparambil



Rev. Fr. Mathew
Kalathoor



Rev. Fr. Thomas
Kochumattam



Rev. Fr. James
Manjapuzhathundiyil



Rev. Fr. George
Nellikunnel



Rev. Fr. Jacob
Peenickaparambil



Rev. Fr. Jose Paul
Edakalathur









മക്കൾക്ക് അന്തസ്സ്
തിരഞ്ഞെടുക്കുന്ന പ്രായം
വരുമ്പോൾ
അവർക്ക് അതിൽ പൂർണ്ണ
സ്വാതന്ത്ര്യം
അനുവദിക്കണം.
അവരുടെ അന്തസ്സിനെ
നിശ്ചയിക്കുന്നത്
ദൈവത്തിന്റെയും അതിനെ
തിരഞ്ഞെടുക്കുന്നത്
അവരുടെയും
കാര്യമാകുന്നു; ഇതു
കാരണവന്മാർക്കുള്ളതല്ല.



150 YEAR OF CHAVARUL

# 150th Year of Chavarul, Celebrated at Ernakulam Town Hall